**അനൗദ്യോഗികാംഗങ്ങളുടെ കാര്യം**

**അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ 20-ാമത് റിപ്പോർട്ട്**

ശ്രീ. റ്റി. എൻ. പ്രതാപൻ: സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ 20-ാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ 20-ാമത് റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

**2. അനൗദ്യോഗിക ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ**

(i) 2014-ലെ കേരള പാസഞ്ചർ സർവ്വീസ് അതോറിറ്റി രൂപീകരണ ബിൽ

ശ്രീ. ഹൈബി ഈഡൻ: സർ, 2014-ലെ കേരള പാസഞ്ചർ സർവ്വീസ് അതോറിറ്റി രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രയേമം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ബെന്നി ബഹനാൻ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും ഭവന നിർമ്മാണവും വകുപ്പുമന്ത്രിക്കുവേണ്ടി ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ബഹുമാനപ്പെട്ട ശ്രീ. ഹൈബി ഈഡന്റെ 2014-ലെ കേരള പാസഞ്ചർ സർവ്വീസ് അതോറിറ്റി ബില്ലിൽ യാത്രാവാഹനങ്ങളുടെ ചാർജ്ജ് നിർണ്ണയിക്കാനുള്ള സർക്കാരിന്റെ അധികാരവും അതുപോലെ വാഹനങ്ങളുടെ ചാർജ് നിർദ്ദേശിക്കാനുള്ള അധികാരവുമെല്ലാം

ഉൾപ്പെടുത്തിയിട്ടുണ്ട്. മെമ്പർ ഈ ബില്ലിൽ പറയുന്നതുപോലെ യാത്രക്കാരുടെ സൗകര്യം വർദ്ധിപ്പിക്കുകയെന്നത് ഏറ്റവും കാലികമായ ഒരാവശ്യമാണ്. പ്രത്യേകിച്ചും ഡ്രൈവർമാരുടെ ജോലി സമയം കുറയ്ക്കുക, മത്സര ഓട്ടം കുറയ്ക്കുക, അമിത വേഗം കുറയ്ക്കുക എന്നിങ്ങനെ നിരവധി വിഷയങ്ങൾ ഈ ബില്ലിൽ പരാമർശിക്കുന്നുണ്ട്. ഇന്ന് സംസ്ഥാനത്ത് നിലവിലുള്ള റോഡ് സേഫ്റ്റി അതോറിറ്റിയുടെയും ട്രാൻസ്പോർട്ട് അതോറിറ്റികളുടെയും അധികാര പരിധിയിൽപെടുന്നതാണ് ഈ ആവശ്യങ്ങളെല്ലാം. അതുകൊണ്ട് പുതിയതായി ഒരു അതോറിറ്റി രൂപീകരിക്കുന്നത് ഇതിന്റെ ഡ്യൂപ്ലിക്കേഷനായിരിക്കുമെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായമെങ്കിലും ചർച്ച ചെയ്യുന്നതിൽ ഗവൺമെന്റിന് വിരോധമില്ല.

## **2014–ലെ കേരള പാസഞ്ചർ സർവ്വീസ് അതോറിറ്റി ബിൽ**

ശ്രീ. ഹൈബി ഈഡൻ: സർ, കേരള പാസഞ്ചർ സർവ്വീസ് അതോറിറ്റി ബിൽ രൂപീകരിക്കുന്നതിന്റെ പ്രാധാന്യമാണ് ഞാൻ ഈ സഭയിൽ അവതരിപ്പിക്കുന്നത്. 1893 ജൂൺ മാസം 7–ാം തീയതി ദക്ഷിണാഫ്രിക്കയിലെ പീറ്റർ മാരിട്സ്ബർഗ് റെയിൽവേ സ്റ്റേഷനിൽവച്ച് വെള്ളക്കാരുടെ കംപാർട്ടുമെന്റിൽ കയറിയ മഹാത്മാ ഗാന്ധിയെ റെയിൽവേ സ്റ്റേഷനിലേയ്ക്ക് തൂക്കി എറിഞ്ഞ സംഭവവമാണ് ഇതിന്റെയൊരു ക്ലാസ്സിക് എക്സാമ്പിൾ എന്ന് പറയാവുന്നത്. അതിന്റെ ഓർമ്മയ്ക്കായി ജൂൺ 7–ാം തീയതി ‘Passengers Rights Day’- ആയി പ്രഖ്യാപിക്കണമെന്ന് ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. നമ്മളെല്ലാവരും യാത്രക്കാരാണ്. എല്ലാവരും വിനോദത്തിനായും തൊഴിലിനായും ജീവിക്കാനായും ചികിത്സയ്ക്കായും ദിവസേന യാത്ര ചെയ്യുന്നവരാണ്. യാത്രകൾക്കിടയിലാണ് ലോകത്ത് ഏറ്റവും കൂടുതൽ മനു

ഷ്യാവകാശ ലംഘനങ്ങൾ നടക്കുന്നത്. മാധ്യമങ്ങളിൽ വരുന്ന വാർത്തകളെല്ലാം ഇത് സ്ഥിതീകരിക്കുകയാണ് ചെയ്യുന്നത്. അതിന് ഒരുപാട് ഉദാഹരണങ്ങൾ നമ്മുടെ മുൻപിലുണ്ട്. ബസ് വെയ്റ്റിംഗ് ഷെൽട്ടർ സ്ഥാപിക്കുന്നത് മുതൽ പാസഞ്ചേഴ്സിന്റെ വിവിധ ആവശ്യങ്ങൾക്കുവേണ്ടി പല തരത്തിലുള്ള ഇടപെടലുകൾ ഗവൺമെന്റ് നടത്തേണ്ടത് അത്യാവശ്യമാണ്. ഈ ബില്ലിൽ പറയുന്ന സുപ്രധാന കാര്യങ്ങളിൽ ഒരു conflict ഉണ്ടെന്നും റോഡ് സേഫ്റ്റി അതോറിറ്റി രൂപീകരിച്ചിതിന്റെ പ്രാധാന്യത്തെക്കുറിച്ചും ബഹുമാന്യനായ മന്ത്രി ഇവിടെ പറയുകയുണ്ടായി. സ്ത്രീകളും നമ്മുടെ സഹോദരങ്ങളും സുഹൃത്തുക്കളും ദൈനംദിനം പഠനത്തിനായും ജോലിക്കായും യാത്ര പോകുമ്പോൾ മാതാപിതാക്കൾക്കും രക്ഷിതാക്കൾക്കും ഒരുപാട് ആശങ്കകളാണുള്ളത്. ആ ആശങ്കളുടെ അടിസ്ഥാനമെന്ന് പറയുന്നത്, അവർക്ക് സുരക്ഷിതമായി വീട്ടിൽ തിരിച്ചെത്താൻ സാധിക്കുമോയെന്നുള്ളതാണ്. ഞാൻ ഈ ബിൽ അവതരിപ്പിക്കാനുള്ള പ്രധാനകാരണം ഒരു എൻ.ജി.ഒ. അവരുടെ ആശയങ്ങളും ആശങ്കകളും പങ്കുവെച്ചതാണ്. എറണാകുളം കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന സിനർജിയൻസ് എന്ന സംഘടന വളരെ കാര്യപ്രസക്തമായ രീതിയിൽ ഇതിനെക്കുറിച്ച് പഠിക്കുകയും ഒരുപാട് ഇൻസിഡന്റ്സ് ക്വാട്ട് ചെയ്ത് പറയുകയുമുണ്ടായി. അതുകൊണ്ട് ഇത് നടപ്പിലാക്കേണ്ടതിന്റെ ആവശ്യകതയാണ് ഈ ബില്ലിൽ പരാമർശിച്ചിട്ടുള്ളത്. ലോകത്തെ ഏറ്റവും നിസ്സഹായകനായ കൺസ്യൂമർ എന്നുപറയുന്നത് യാത്രക്കാരനാണ്. കാരണം അവർക്ക് തെരഞ്ഞെടുക്കാനുള്ള ചോയിസ് വളരെ കുറവാണ്. മറ്റ് ഏത് സർവ്വീസ് സെക്ടർ നോക്കിയാലും വ്യാപകമായി മൊബൈൽ ഫോൺ കമ്പനികൾ നമ്മുടെ ഇടയിലുണ്ട്. നമ്മൾ ഉപയോഗി

ക്കുന്ന നമ്പർ മാറ്റണമെങ്കിൽ പോർട്ടബിലിറ്റി അക്സസ്സബിലിറ്റി ഇന്ന് നിലവിലുണ്ട്. ഒരുകമ്പനിയുടെ നമ്പർ നിലനിർത്തിക്കൊണ്ട് മറ്റൊരു കമ്പനിലേയ്ക്ക് ചെയിഞ്ച് ചെയ്യാനുള്ള സർവ്വീസ് മൊബൈൽ ഫോൺ കമ്പനികൾ നമുക്ക് നൽകുന്നുണ്ട്. പക്ഷെ നമുക്ക് ഒരു ട്രെയിനിലോ ബസിലോ യാത്രചെയ്ത് കൃത്യസമയത്ത് ഒരു സ്ഥലത്തെത്തണമെങ്കിൽ ഒരു കസ്റ്റമർ എന്ന രീതിയിൽ അതിനുള്ള ചോയിസ്സുകൾ വളരെ കുറവാണ്. നമ്മൾ പലപ്പോഴും ആശ്രയിക്കുന്നത് കെ.എസ്.ആർ.ടി.സി. ബസ്സാണെങ്കിലും മറ്റൊന്നിനെ ആശ്രയിക്കാൻ സാധിക്കാത്ത രീതിയിൽ ചില റൂട്ടുകളിൽ പരിമിതമായ ബസ്സുകളാണുള്ളതെങ്കിൽ നമുക്ക് ആശ്രയിക്കാനുള്ള ചോയിസ് കുറവാണ്. ഇവിടെയാണ് യാത്രക്കാരന്റെ പരിമിതി ചൂണ്ടികാണിക്കാൻ ആഗ്രഹിക്കുന്നത്. സുരക്ഷിതമായ യാത്രയെന്ന് പറയുന്നത് യാത്രക്കാരന് ലഭിക്കേണ്ട ഔദാര്യമല്ല, അവകാശമാണ്. അതാണ് ഈ ബില്ലിലൂടെ വ്യക്തമാക്കാൻ ആഗ്രഹിക്കുന്നത്. യാത്രക്കാരുടെ അവകാശങ്ങൾ അടിസ്ഥാനമാക്കി പാസഞ്ചർ സർവ്വീസസ് സ്റ്റാന്റേർഡ്സ് നിശ്ചയിക്കപ്പെടണം. പാസഞ്ചർ സർവ്വീസസ് പ്രൊവൈഡർമാർ പിൻതുടരുകയും പിൻതുടരാത്തവരെ അയോഗ്യരാക്കാനുള്ള നിയമവും ആവശ്യമാണ്. സുരക്ഷിതവും വൃത്തിയുള്ളതും സൗകര്യപ്രദവും കൃത്യതയോടെയും വിനയത്തോടുകൂടിയുമുള്ള യാത്രക്കാർക്ക് കുറഞ്ഞ നിരക്കിൽ സേവനം ലഭ്യമാക്കുകയെന്ന ആന്ധ്രാപ്രദേശ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ പ്രവർത്തന തത്വശാസ്ത്രം പാസഞ്ചർ സർവീസസ് സ്റ്റാന്റേർഡ്സ് നിശ്ചയിക്കുന്നതിന് പിൻതുടരാവുന്ന ഏറ്റവും നല്ലൊരു മാതൃകയാണ്. പാസഞ്ചേഴ്സ് ഫ്രണ്ട്ലിയാണെന്ന സർട്ടിഫിക്കേഷൻ ഇതുവഴി നിർബന്ധമാക്കാനുള്ള ഒരു പ്രവർത്തനം ഗവൺമെന്റ് സ്വീകരിക്കണമെന്നാണ് ഈ അവസരത്തിൽ

പറയാനുള്ളത്. സുരക്ഷിതത്വത്തിനുള്ള അവകാശം, സുരക്ഷിതത്വവും സൗകര്യപ്രദവുമായ വാഹനങ്ങൾ, ബസ് സ്റ്റാന്റുകൾ, ഷെൽട്ടറുകൾ, റെയിൽവേ സ്റ്റേഷനുകൾ, ടോയ്ലറ്റുകൾ, ഹോട്ടലുകൾ, മറ്റു ഷോപ്പുകൾ എന്നിവയുടെ വൃത്തിയും ശുചിത്വവും നിലവാരവും ന്യായവിലയും ഉറപ്പാക്കുക, അശ്രദ്ധമായ ഡ്രൈവിംഗ് നിമിത്തമുള്ള അപകടങ്ങൾക്ക് കർശനമായ ശിക്ഷ നടപ്പാക്കുക, ജീവനും സ്വത്തും സംരക്ഷിക്കുക ഇതെല്ലാം അടിസ്ഥാനപരമായ ഒരു യാത്രക്കാരന്റെ അവകാശങ്ങളാണ്. ഒരുപാട് നിയമങ്ങൾ നമ്മുടെ സംസ്ഥാനത്ത് നിലവിലുണ്ടെങ്കിലും പലപ്പോഴും നിയമത്തിന്റെ പോരായ്മകൾകൊണ്ട് ഈ നിയമം തെറ്റിക്കുന്ന ആളുകൾ ഇതിൽനിന്നും രക്ഷപ്പെടുകയാണ്. ചെറിയ ചെറിയ കാര്യങ്ങളായിരിക്കും. ഒരു അപകടം എന്ന് പലപ്പോഴും വിശേഷിപ്പിക്കുന്നത്,.... ഒരു ഡ്രങ്കൺ ഡ്രൈവിംഗും അശ്രദ്ധമായ ഡ്രൈവിംഗുമെല്ലാം സൃഷ്ടിക്കുന്ന, ജീവന് കൊടുക്കേണ്ടിവരുന്ന വില നമ്മൾ പലപ്പോഴും മനസ്സിലാക്കാറില്ല. നിയമങ്ങളുണ്ട്, പക്ഷേ ആ പരിമിതികൾ മനസ്സിലാക്കിക്കൊണ്ടുതന്നെയാണ് ഇത്തരം ഒരു ബിൽ അവതരിപ്പിക്കാൻ ഞാൻ പ്രേരിപ്പിക്കപ്പെട്ടത്. നിരവധി മറ്റ് സെക്ഷനുകൾ ഇതിൽ പരാമർശിക്കുന്നുണ്ട്. അതിൽ പ്രധാനമായും ആകെ 17 സെക്ഷനുകളാണുള്ളത്. ഈ ബില്ലിന്റെ കൺസെപ്റ്റ് എന്നുപറയുന്നത് സുരക്ഷിതവും സുഖപ്രദവുമായ യാത്ര ഓരോ പൗരനും ഉറപ്പുവരുത്തുക എന്നുള്ളതാണ്. സെക്ഷൻ 4 പ്രകാരം ഈ നിയമത്തിൽ പറയുന്നത് ചെയർപേഴ്സണും അഞ്ച് അംഗങ്ങളും, അതിൽ ഒരു ലോജിസ്റ്റിക് വിദഗ്ദ്ധനും, എഞ്ചിനീയറിംഗ് വിദഗ്ദ്ധനും, യാത്രക്കാരെ പ്രതിനിധീകരിച്ച് ഒരു പുരുഷനും ഒരു സ്ത്രീയും അതോടൊപ്പംതന്നെ ഒരു റിട്ടയേർഡ് ജഡ്ജ്

പാസഞ്ചർ തർക്കപരിഹാര ഫോറത്തിന്റെ അദ്ധ്യക്ഷനോ അദ്ധ്യക്ഷയായോ നിയമിക്കാവുന്നതാണ്. സെക്ഷൻ 5–ൽ അതോറിറ്റിയുടെ അധികാരവും ചുമതലയും കർത്തവ്യത്തെയുംകുറിച്ച് 18 എണ്ണം വളരെ വിശദമായി പറഞ്ഞിട്ടുണ്ട്. നമ്മുടെ മുൻപിൽ ഒരുപാട് സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ആ സംഭവങ്ങൾ ഈയടുത്ത കാലത്ത് മാധ്യമങ്ങളിൽവന്ന ചില ദുരന്ത യാത്രകളാണ് ചിത്രീകരിക്കുന്നത്. 2012 ഡിസംബറിൽ ഡൽഹിയിൽ രാത്രി ഓടുന്ന ബസ്സിൽ യാത്രചെയ്യുന്ന അവസരത്തിൽ ഒരു മെഡിക്കൽ വിദ്യാർത്ഥിനി കൂട്ടബലാൽസംഗത്തിനിരയായത് വലിയൊരു ഉദാഹരണമാണ്. ഡൽഹി ഗവൺമെന്റിന്റെ പതനത്തിനുതന്നെ കാരണമായത് ആ ഒരു ഇൻസിഡന്റുമായി ബന്ധപ്പെട്ടാണെന്നാണ് കണക്കാക്കുന്നത്. കേരളത്തിൽ 2011 ഫെബ്രുവരിയിൽ മോഷണം നടത്തുന്നിനിടയിൽ ട്രെയിനിൽനിന്നും സൗമ്യയെ പുറത്തേയ്ക്ക് വലിച്ചെറിഞ്ഞ് ക്രൂരമായ മാനഭംഗപ്പെടുത്തുന്ന ഒരു സ്ഥിതിയുണ്ടായി. 2010 മേയ്മാസം വിമുക്തഭടനായ ബാബുരാജ് ഭാര്യയോടും മക്കളോടുമൊപ്പം പൂനെയിൽനിന്നും കേരളത്തിലേയ്ക്കുള്ള ട്രെയിൻ യാത്രയ്ക്കിടയിൽ ചികിത്സകിട്ടാതെ മരിച്ചത് ദാരുണമായ മറ്റൊരു സംഭവമാണ്. 2003 മാർച്ച് മാസത്തിൽ കവർച്ചാ ശ്രമത്തിനിടയിൽ ഒരു കന്യാസ്ത്രീയെ ട്രെയിനിൽനിന്നും പുറത്തേയ്ക്ക് എറിഞ്ഞതിന്റെ ഫലമായി ഒരു കൈയും ഒരു കാലും നഷ്ടപ്പെടുകയുണ്ടായി, അവർ ഇന്നും ജീവിച്ചിരിക്കുകയാണ്. 1998 ഒക്ടോബറിൽ മുംബൈ ലോക്കൽ ട്രെയിനിൽനിന്നും ജയപാലയെ മോഷ്ടാവ് തള്ളിപുറത്തേയ്ക്കിട്ടതിനെ തുടർന്ന് കാലുകൾ നഷ്ടമായ സംഭങ്ങളെല്ലാം തന്നെ വലിയ ഉദാഹരണങ്ങളാണ്. ഒരു പാസഞ്ചറുടെ റൈറ്റ്സ് പലപ്പോഴും നിഷേധിക്കപ്പെടുന്നുവെന്നുള്ളതാണ് ഇതിലൂടെ

ചൂണ്ടികാണിക്കുന്നത്. അതുകൊണ്ട് സുരക്ഷിതവും സുഖപ്രദവുമായ യാത്ര, പ്രത്യേകിച്ച് പെൺകുട്ടികളെയും സ്ത്രീകളെയും സംബന്ധിച്ച് ഒരു അരക്ഷിതാവസ്ഥ നിലനിൽക്കുകയാണ്. നിയമത്തിൽ ഒരുപാട് കാര്യങ്ങൾ പരാമർശിക്കുന്നുണ്ടെങ്കിലും രാത്രിസമയങ്ങളിൽ ഓട്ടോറിക്ഷയിലും ബസ്സിലും ട്രെയിനിലും യാത്ര ചെയ്യുന്ന സ്ത്രീകളുടെ സുരക്ഷിതത്വം ഉറപ്പാക്കേണ്ടത് അത്യാവശ്യമാണ്. വിദേശ രാജ്യങ്ങളിൽ വളരെ സേഫായ, ഏറ്റവും safest form of travel അത് മെട്രോയിലാണെങ്കിലും മറ്റ് ടാക്സികളിലാണെങ്കിലും ഇത്തരം ഇൻസിഡൻസുകളുടെ സ്റ്റാറ്റിസ്റ്റിക്സ് നോക്കുമ്പോൾ വളരെ കുറവാണ്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ, (ശ്രീ. കെ. മുരളീധരൻ)

മി. ചെയർമാൻ: ശ്രീ. ഹൈബി ഈഡൻ, അങ്ങ് ചർച്ച ഇന്ന് പൂർത്തീകരിക്കുന്നുണ്ടോ?

ശ്രീ. ഹൈബി ഈഡൻ: സർ, ഇല്ല. ചർച്ച കണ്ടിന്യൂ ചെയ്യുകയാണ്. ഈ ബില്ലിന്റെ ഉദ്ദേശം ഇതാണ്. ഞാൻ ദീർഘിപ്പിക്കുന്നില്ല. ഈ ബിൽ അംഗീകരിക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. ചർച്ച തുടരാം.

ശ്രീ. പാലോട് രവി: സർ, രണ്ടര വർഷംമുമ്പ് ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങളുടെ തുടർ ചർച്ചയ്ക്ക് എന്നേയും പരിഗണിച്ചിരുന്നതാണ്. എന്നാൽ എനിക്കിതുവരെ അതിനുള്ള അനുവാദം ലഭിച്ചില്ല.

ശ്രീ. റ്റി. എൻ. പ്രതാപൻ: സർ, ബില്ലുകൾ തുടർ ചർച്ചയ്ക്കെടുക്കുന്നത് നറുക്കെടുപ്പിലൂടെയാണ്. ബഹുമാനപ്പെട്ട അംഗം ഈ സഭയിൽ നേരത്തേ അവതരിപ്പിച്ച് തുടങ്ങിവച്ച ബിൽ വീണ്ടും തുടർചർച്ചയ്ക്ക് വരുന്നതും നറുക്കെടുപ്പിലൂടെയാണ്. അദ്ദേഹത്തിന് ഭാഗ്യമില്ലാത്തുകൊണ്ട് തുടർ ചർച്ചയ്ക്ക് അനുമതി ലഭിച്ചില്ല.

മി. ചെയർമാൻ: ഭാഗ്യനിർഭാഗ്യങ്ങളെ കുറിച്ച് ഒരു ചർച്ച ഇവിടെ വേണ്ട.

## (ii) 2013-ലെ കേരള അടിസ്ഥാന സൗകര്യ വികസന അതോറിറ്റി ബിൽ

ശ്രീ. ബെന്നി ബെഹനാൻ: സർ, ഞാൻ 2013-ലെ കേരള അടിസ്ഥാന സൗകര്യവികസന അതോറിറ്റി ബില്ലിന്റെ അവതരാണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. പാലോട് രവി: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, അടിസ്ഥാന സൗകര്യവികസനം വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട വിഷയമാണ്. തദ്ദേശ സ്വയംഭരണ വകുപ്പിന് ഇതുസംബന്ധിച്ച് ഒരു നിയമനിർമ്മാണം സാദ്ധ്യമല്ല. വിവിധ വകുപ്പുകളുടെ ഏകോപനം ഈ കാര്യത്തിൽ ആവശ്യമാണ്. ബിൽഡിംഗ് പെർമിറ്റുകൾ, ലൈസൻസിംഗ് തുടങ്ങിയ വിഷയങ്ങളാണ് തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട് വരുന്നത്. അടുത്തകാലത്ത് പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളിലും മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങളിലും ഭേദഗതി വരുത്തുകയും വൻകിട വികസനപദ്ധതികൾ പ്രോത്സാഹിപ്പിക്കാനുള്ള വ്യവസ്ഥകൾ ചേർക്കുകയും ചെയ്തിട്ടുണ്ട്. അതുമാത്രമല്ല അഞ്ചാറുമാസം മുമ്പ് Partner Kerala എന്ന പദ്ധതി എറണാകുളത്ത് നടത്തിയിരുന്നു. അതിന്റെ തുടർച്ചയായി കുറേയധികം ഇൻഫ്രാസ്ട്രക്ചർ ഫെസിലിറ്റീസ് ഉണ്ടാക്കാൻ Partner Kerala Mission കൂടി ആരംഭിക്കുന്നുണ്ട്. ഇതുപോലുള്ള ഒരു നിയമനിർമ്മാണം തദ്ദേശസ്വയംഭരണ വകുപ്പിൽ നടപ്പിലാക്കുന്നത്

പ്രായോഗിമല്ല. ഈ സാഹര്യത്തിൽ ശ്രീ. ബെന്നി ബഹനാൻ എം.എൽ.എ. നോട്ടീസ് നൽകിയ അനൗദ്യോഗിക ബിൽ ഈ വകുപ്പിൽ പരിഗണിക്കേണ്ടതി ല്ലെന്നാണ് സർക്കാരിന്റെ അഭിപ്രായം.

**2013–ലെ കേരള അടിസ്ഥാന സൗകര്യ വികസന അതോറിറ്റി ബിൽ**

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി): സർ, ബഹുമാനപ്പെട്ട നഗരകാര്യ വകുപ്പുമന്ത്രി പറഞ്ഞത് അദ്ദേഹത്തിന്റെ വകുപ്പിന്റെ കാര്യമാണ്. എന്നാൽ ഇതുസംബന്ധിച്ച് വ്യവസായ വകുപ്പിനൊരു പരിപാടിയുണ്ട്. ശ്രീ. ബെന്നി ബെഹനാൻ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബില്ലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ പറയുന്നത് അടിസ്ഥാനസൗകര്യ കാര്യങ്ങളിൽ താമസം നേരിടുന്നത് ഒഴിവാക്കാൻ ഒരു അതോറിറ്റി ഉണ്ടാകണമെന്നാണ്. അത്തരത്തിലൊരു അതോറിറ്റിയുടെ കാര്യം, പ്രോജക്ടുകളുടെ കാര്യത്തിൽ ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. അതിന്റെ ഗുണം എല്ലാ ഡിപ്പാർട്ട്മെന്റുകൾക്കും ലഭിക്കും. അദ്ദേഹംപറഞ്ഞ അതേ വിഷയം ഇപ്പോൾ പ്ലാനിംഗ് ബോർഡിന്റെ പരിഗണനയിലുണ്ട്. ഇത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിലുള്ളതാണ്. അതൊന്ന് പുതുക്കി ക്കൊണ്ടുവരാനുള്ള പരിപാടിയുണ്ട്. അതുകൊണ്ട് നഗരകാര്യ വകുപ്പുമന്ത്രി പറഞ്ഞതുപ്പോലെ അനൗദ്യോഗിക ബില്ലിന്റെ ആവശ്യമില്ല. ഗവൺമെന്റ് തന്നെ ഇത് പിന്നീട് കൊണ്ടുവരുന്നതാണ്.

2013–ലെ കേരള അടിസ്ഥാന സൗകര്യ വികസന അതോറിറ്റി ബിൽ

ശ്രീ. ബെന്നി ബെഹനാൻ: സർ, ബഹുമാന്യനായ നഗരകാര്യ വകുപ്പുമന്ത്രിയുടെ മറുപടി എന്നെ നിരാശപ്പെടുത്തിയെങ്കിലും

ബഹുമാന്യനായ വ്യവസായ വകുപ്പുമന്ത്രിയുടെ മറുപടി എനിക്ക് ആത്മവിശ്വാസവും, എന്റെ ബില്ലിന് കൂടുതൽ പ്രസക്തിയും ഉണ്ടാക്കുന്നു വെന്നതാണ് സത്യം. ഞാൻ ഇതിൽ ഉദ്ദേശിക്കുന്നതും അടിസ്ഥാന വികസനത്തിന് കുറച്ചുകൂടി ശ്രദ്ധ നൽകണമെന്നാണ്. വികസനത്തിന്റെ ഏറ്റവും അടിസ്ഥാനം എന്നുപറയുന്നത് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റാണ്. ഇന്ന് പല വകുപ്പുകളിലായാണ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഉൾപ്പെട്ടിരിക്കുന്നത്. ഞാൻ ആരേയും കുറ്റപ്പെടത്തുന്നില്ല. പി. ഡബ്ല്യൂ.ഡി.–യും ഇറിഗേഷൻ വകുപ്പും വ്യവസായ വകുപ്പും ഐ.റ്റി. വകുപ്പും തുറമുഖ വകുപ്പും ലോക്കൽ ബോഡീസും ജി.സി.ഡി.എ. പോലുള്ള അതോറിറ്റികളും ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് നടത്തുന്നുണ്ട്. വ്യവസായ വകുപ്പുമന്ത്രി പറഞ്ഞതുപ്പോലെ, ഇതെല്ലാം മോണിറ്റർ ചെയ്ത്, ഏകോപിപ്പിച്ച് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ്സ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനും കൂടുതൽ വേഗത്തിലാക്കുന്നതിനുംവേണ്ടിയുള്ള ആശയമാണ് ഞാൻ ഈ ബില്ലിലൂടെ ഉദ്ദേശിക്കുന്നത്. ഒരു കാലഘട്ടത്തിൽ പദ്ധതികൾക്ക് നിക്ഷേപം നടത്താൻ ആളില്ലായിരുന്നു, പക്ഷേ ഇന്ന് ആ അവസ്ഥ മാറി. പദ്ധതി ആസൂത്രണം ചെയ്താൽ മാത്രംപോര, സമയബന്ധിത മായി അവ തീർക്കുന്നതിനുള്ള ആർജ്ജവമാണ് ഇന്ന് വേണ്ടത്. ഇന്ന് പണം മുടക്കാൻ ധാരാളം പേർ തയ്യാറാണ്. കേരളത്തിന്റെ പല പൊട്ടൻഷ്യാലി റ്റിയും കണക്കിലെടുത്ത് വിദേശത്തുനിന്നുപോലും പണംമുടക്കാൻ ഒട്ടേറെ ആളുകൾ തയ്യാറാണ്. ഈ ആവർജ്ജവം കാണിച്ചില്ലെങ്കിൽ ആ പദ്ധതി നീണ്ടുപ്പോകും. സ്മാർട്ട് സിറ്റി എന്ന ആശയം വേഗത്തിൽ നടപ്പിലാക്കാൻ കഴിയാതെ വന്നത് അതിനുള്ള ആർജ്ജവം ചില കാലഘട്ടങ്ങളിൽ പ്രകടിപ്പി ക്കാൻ കഴിയാത്തതുകൊണ്ടാണെന്ന വസ്തുത നമ്മുടെ മുന്നിലുണ്ട്. പദ്ധതി

കൾക്കുള്ള ഏകജാലക സംവിധാനം വെറും സങ്കൽപ്പം മാത്രമാണെന്നാണ് എന്റെ അഭിപ്രായം. പദ്ധതികൾ ആസൂത്രണം ചെയ്തുകഴിഞ്ഞാൽ വേഗം അനുമതി ലഭിക്കുന്നതിന് നിയമപരമായ സംവിധാനം ഏർപ്പെടുത്തണം. നൂറ് കണക്കിന് പദ്ധതികളെക്കുറിച്ച് പറഞ്ഞിട്ട് കാര്യമില്ല. വരുന്ന പദ്ധതികൾ വേഗത്തിൽ നടപ്പിലാക്കുന്നതിനുള്ള സൗകര്യമുണ്ടാക്കണം. അതിനാണ് നമ്മൾ ആസൂത്രണം ചെയ്യേണ്ടത്. അതിലേയ്ക്കുള്ള ചുമതലകളാണ് ഈ ബില്ലിലൂടെ ഞാൻ ഉദ്ദേശിക്കുന്നത്. സംസ്ഥാനത്തിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനായി നിക്ഷേപ സംഗമം സംഘടിപ്പിക്കണം. ഇവിടെ ശ്രീ. മഞ്ഞളാംകുഴി അലി സംസാരിച്ചപ്പോൾ, പി.പി.പി. സംഘടിപ്പിച്ച്, Partner Kerala Mission-നെ കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. ബഹുമാനപ്പെട്ട വ്യവസായ വകുപ്പിന്റെ കീഴിൽ വലിയ സംഗമം നടത്തി നിരവധി ആളുകൾ അതിലേയ്ക്ക് വന്നു. അവിടെനിന്നും ഉയർന്നുവരുന്ന പദ്ധതികൾ മുൻഗണനാക്രമമനുസരിച്ച് ക്രമപ്പെടുത്തി ഫാസ്റ്റ് ട്രാക്ക് സംവിധാനത്തിലൂടെ ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യം. അതോടൊപ്പം വികസന പദ്ധതികൾക്ക് പൊതുജനപങ്കാളിത്തം ലഭിക്കുന്നതിന് പൊതുജനങ്ങൾക്കിടയിൽ ബോധവൽക്കരണമുണ്ടാകണം. നമുക്ക് റോഡുകളും പാലങ്ങളും വേണം. ഇൻഫ്രാസ്ട്രക്ചറിന് ഏറ്റവും പ്രധാന്യമുള്ളതും നമ്മൾ നിയമസഭയിൽ ചർച്ച ചെയ്തതുമായ കാര്യങ്ങളാണ് എൽ.എൻ.ജി. ഗ്യാസ്, ഇലക്ട്രിസിറ്റി തുടങ്ങിയവ. ഇതിനുള്ള ചില സാങ്കേതിക തടസ്സങ്ങൾ പരിഹരിക്കുന്നതിന് ഒരു ബോധവത്ക്കരണം വേണ്ടേ? എൽ.എൻ.ജി. ഗ്യാസ്..... ഇവിടെ പെട്രോനെറ്റ് വരികയും കോടിക്കണക്കിന് രൂപയുടെ നിക്ഷേപം ഉണ്ടായിട്ടും അത് പ്രയോജനപ്പെടു

ത്താൻ നമുക്ക് കഴിയുന്നില്ല. ഔദ്യോഗിക കണക്കനുസരിച്ച് പെട്രോനെറ്റിന്റെ വൈപ്പിനിലുള്ള പ്ലാന്റിൽനിന്നുമുള്ള ഉല്പാദനത്തിന്റെ പത്തുശതമാനമേ ഉപയോഗിക്കാൻ കഴിയുന്നുള്ളൂ. ആകെ ഒരു കൺസ്യൂമർ എന്ന് പറയുന്നത് FACT-യാണ്. FACT–യുമായി ബന്ധപ്പെട്ട് മറ്റ് പ്രശ്നങ്ങൾ നിലനിൽക്കുന്നതിനാൽ FACT–ക്കും അത് ഉപയോഗിക്കാൻ കഴിയുന്നില്ല. ഞാൻ അതിന്റെ സാമ്പത്തിക വശത്തിലേയ്ക്ക് പോകുന്നില്ല. കടലിൽകൂടെ പൈപ്പിടുന്നതിന് ജനവാസം ഒരു പ്രശ്നമല്ല. കടലൂടെ പൈപ്പിടാൻ അനുവാദം കിട്ടുന്നില്ല. കടലിൽ പൈപ്പിടാൻ ചെല്ലുമ്പോൾ ഇത് ബോംബാണെന്നും പൊട്ടിത്തെറിക്കുമെന്നും മത്സ്യങ്ങൾ ചത്തുപോകുമെന്നും അതുകൊണ്ട് ഇത് ചെയ്യാൻ പാടില്ലെന്നും പ്രചരണങ്ങളുണ്ടാകുന്നു. ഈ പറയുന്നതിൽ ചില വ്യക്തതയുണ്ടാക്കണം. കേരളം മൊത്തത്തിൽ ഒരു ഠൗൺഷിപ്പാണ്. ഇവിടത്തെ ജനസാന്ദ്രത മറ്റ് സംസ്ഥാനങ്ങളേക്കാൾ കൂടുതലാണ്. ജനവാസത്തിന്റെ കാര്യം പറഞ്ഞാൽ കേരളത്തിൽ ഇനി ഒന്നും നടക്കാതെ വരും. ശ്രീ. റ്റി. എൻ. പ്രതാപനെപ്പോലെ ഞാനും പരിസ്ഥിതി സംരക്ഷണത്തിന്റെ കാര്യത്തിൽ നിർബന്ധമുള്ള ആളാണ്. ഇവിടെ നടക്കുന്ന പല കാര്യങ്ങളിലും വ്യക്തമായ ചില നിർദ്ദേശങ്ങളുണ്ടാകണം. നമുക്ക് ഭൂമിയേറ്റെടുക്കണം. യു.പി.എ. ഗവൺമെന്റ് അധികാരത്തിൽ വന്ന കാലഘട്ടത്തിൽ ശ്രീമതി സോണിയാ ഗാന്ധി അഖിലേന്ത്യാ കോൺഗ്രസ് കമ്മിറ്റിയുടെ തീരുമാനമനുസരിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിമാർക്ക് കത്തയച്ചു. കേന്ദ്രത്തിൽ ഒരു നിയമമുണ്ടാക്കുന്നതിനു വേണ്ടി ആലോചിച്ചിട്ടുണ്ട്, അന്നിവിടെ കൃഷിഭൂമി ഏറ്റെടുക്കണം. വികസനക്കാര്യങ്ങൾക്കുവേണ്ടി ഭൂമിയേറ്റെടുക്കുമ്പോൾ അതിൽ 75 ശത

മാനം കർഷകരുടെ അനുമതി ലഭിച്ചിരിക്കണം. ഏറ്റെടുക്കുന്ന ഭൂമിയിൽ താമസിക്കുന്നവർക്ക് പുനരധിവാസം ഉറപ്പുവരുത്തണം. ഏറ്റെടുക്കുന്ന ഭൂമിക്ക് ന്യായമായവില കൊടുക്കണം. അതിൽ ഏറ്റവും ശക്തമായി പറയുന്നത് ബോധവൽക്കരണമാണ്. നമ്മുടെ രാജ്യത്ത് നടക്കുന്ന വികസനപ്രക്രിയയ്ക്ക് തടസം നിൽക്കുന്നത് അജ്ഞതമൂലമുള്ള അഭിപ്രായപ്രകടനങ്ങളും എതിർപ്പിനുവേണ്ടിയുള്ള എതിർപ്പുകളുമാണ്. ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് അതോറിറ്റി രൂപീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഞാൻ അവതരിപ്പിക്കുന്ന ഈ ബില്ലിൽ പ്രസക്തമായി മുന്നോട്ടുവയ്ക്കാനുള്ളത് ശക്തമായ ബോധവൽക്കരണം ഉണ്ടാകണമെന്നാണ്.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: സർ, നമ്മുടെ വാതകക്കുഴൽ കൊണ്ടുപോകുന്ന ഇഷ്യൂവുമായി ബന്ധപ്പെട്ടുകൊണ്ട്, ഭീതി ഉളവാക്കുന്ന രീതിയിലാണ് സഭയിലും ചർച്ചയുണ്ടായത്. ഇതുമായി ബന്ധപ്പെട്ട് ഗോദാവരിയിൽ അപകടമുണ്ടായപ്പോൾ GAIL വളരെ സജീവമായി ഇടപെട്ടുകൊണ്ട് ഏകദേശം 4 കോടിയോളം രൂപയാണ് ആ ഗ്രാമത്തിൽ ചെലവഴിച്ചത്. കമ്പനി നഷ്ടപരിഹാരം കൊടുക്കുകയും ഭീമമായ സാമ്പത്തിക ബാദ്ധ്യത ഏറ്റെടുത്ത് ഇത്തരം കാര്യങ്ങൾ സംഭവിക്കാതിരിക്കാനുള്ള മുൻകരുതൽ എടുക്കുമെന്നുള്ള ഉറപ്പോടുകൂടി മുന്നോട്ടുപോവുകയാണ്. ഇത്തരം കാര്യങ്ങൾ കൂടി ജനങ്ങളെ അറിയിക്കാൻ ഒരു സംവിധാനം നമുക്ക് ആവശ്യമല്ലേ?

<u>ശ്രീ. ബെന്നി ബെഹനാൻ</u>: സർ, അതാണ് ഞാൻ സൂചിപ്പിച്ചു വന്നത്. ഒന്നാമതായി ന്യായമായ നഷ്ടപരിഹാരം കൊടുക്കണം. കൂടംകുളത്ത് നിന്നുള്ള ഇലക്ട്രിക് ലൈനിന്റെ കാര്യത്തെക്കുറിച്ച് നമുക്കറിയാം. എത്രയോ നാളായി നമ്മൾ കാത്തിരിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് എത്രയോ

കോൺഫറൻസുകൾ നടത്തിയിട്ടുണ്ടെങ്കിലും നമുക്ക് നടപ്പാക്കാൻ സാധിച്ചിട്ടില്ല. ഞാൻ ഈപ്രാവശ്യം എം.എൽ.എ. ആയി നിയമസഭയിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽത്തന്നെ നാല് കോൺഫറൻസുകൾ വിളിച്ചുകൂട്ടിയിട്ടുണ്ട്. ഇത്തരത്തിൽ കോൺഫറൻസുകൾ നടക്കുന്നുണ്ടെങ്കിലും നമുക്ക് തീരുമാനമെടുക്കാൻ സാധിച്ചിട്ടില്ല. മാക്സിമം നഷ്ടപരിഹാരം കൊടുത്ത് ആ ലൈൻ പൂർത്തീകരി ക്കണമെന്നാണ് മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കൂടിയ ഉന്നതതല യോഗത്തിൽ തീരുമാനമെടുത്തത്. പള്ളിക്കരയിൽ അതിന്റെ പണി പൂർത്തീകരിച്ചിരിക്കുകയാണ്. കുറച്ചുഭാഗത്ത് നമുക്ക് ലൈൻ വലിക്കാൻ കഴിയുന്നില്ല. നമുക്ക് ലഭിക്കേണ്ട വൈദ്യുതിയാണ്. ആ പണി പൂർത്തീകരിച്ചില്ലെങ്കിൽ കൊച്ചിപോലെയുള്ള പട്ടണങ്ങൾ ഇരുട്ടിലേയ്ക്ക് ആണ്ടുപോകുമോ എന്ന സംശയം എനിക്കുണ്ട്. അക്കാര്യത്തിൽ ഞാൻ ഭയപ്പെടുകയാണ്. പള്ളിക്കരയിൽ പണിത സബ്സ്റ്റേഷന്റെ പണി പൂർത്തീകരിച്ചിരിക്കുന്നു, അതിനുവേണ്ടിയുള്ള എല്ലാകാര്യങ്ങളും ചെയ്തിരിക്കുന്നു, നഷ്ടപരിഹാരം കൊടുക്കുന്നതിനുള്ള തീരുമാനവുമു ണ്ടായിരിക്കുന്നു. എന്നിട്ടുപോലും നമുക്ക് ലൈൻ വലിക്കാൻ കഴിയാത്ത സാഹചര്യങ്ങളുണ്ട്. അതുകൊണ്ട് നഷ്ടപരിഹാരം കൊടുക്കണം. ശക്തമായ ബോധവൽക്കരണം നൽകണം. കേരളത്തെ സംബന്ധിച്ചിട ത്തോളം വികസനരംഗത്ത് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റിന്റെ കാര്യത്തിൽ നമ്മുടെ മൈന്റ് സെറ്റിൽ മാറ്റമുണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്. കേരളം ഫോറസ്റ്റും തീരപ്രദേശങ്ങളും ഉൾനാടൻ ജലാശയങ്ങളും ഒക്കെയുള്ള സ്ഥലമാണ്.

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ): സർ, നഷ്ടപരിഹാരം കൊടുത്താലും കൃഷിക്കാർ ലൈൻ വലിക്കാൻ സമ്മതിക്കുന്നില്ല, സ്ഥലം കൊടുക്കുന്നില്ല. നമുക്ക് എന്തുചെയ്യാൻ കഴിയും?

ശ്രീ. ബെന്നി ബെഹനാൻ: സർ, കൃഷിക്കാരുടെ കാര്യത്തെക്കുറിച്ച് ഞാൻ പറഞ്ഞു. വികസന പ്രവർത്തനങ്ങൾക്കുവേണ്ടി കൃഷിഭൂമി ഏറ്റെടുക്കുന്നുണ്ടെങ്കിൽ അവിടെ കൃഷി ചെയ്യുന്ന 75 ശതമാനം കൃഷിക്കാരുടെയെങ്കിലും അനുവാദംവാങ്ങി ന്യായമായ വില കൊടുത്ത് പുനരധിവാസം ഉറപ്പുവരുത്തി അവരുടെ ഭൂമി ഏറ്റെടുക്കണമെന്നാണ് ഞാൻ സൂചിപ്പിത്. കഴിഞ്ഞ യു.പി.എ. ഗവൺമെന്റിന്റെ കാലത്ത് ആലോചിച്ചതും മുഖ്യമന്ത്രിമാർക്ക് നിർദ്ദേശം കൊടുത്തതുമായ വിഷയത്തെക്കുറിച്ചാണ് ഞാൻ സംസാരിച്ചത്. പലപ്പോഴും നമുക്ക് ഭൂമി ഏറ്റെടുക്കേണ്ടിവരും. കേരളത്തെ സംബന്ധിച്ചിടത്തോളം ഇൻഫ്രാസ്ട്രക്ചറിന് ഭൂമി ഏറ്റെടുക്കേണ്ടിവരും. നമ്മുടെ റോഡുകളുടെ സ്ഥിതിയെന്താണ്? കേരളത്തിന്റെ ഇന്നത്തെ ട്രാഫിക് പോപ്പുലേഷനെക്കുറിച്ച് പഠിച്ചാൽ നിലവിലുള്ള റോഡുകൾകൊണ്ട് നമ്മുടെ കാര്യങ്ങൾ പൂർത്തീകരിക്കാൻ സ സാധിക്കുകയില്ല. നമ്മുടെ വികസനത്തിന് ഏറ്റവും സാധ്യതയും അനിവാര്യവുമാകേണ്ട ഒന്നാണ് വിഴിഞ്ഞം തുറമുഖം. ഈ വിഴിഞ്ഞം തുറമുഖം പ്രാവർത്തികമാകുമ്പോൾ അവിടേയ്ക്ക് പോകുന്നതിനുള്ള റോഡുകൾ ഉണ്ടോ? ഇല്ല. ഇപ്പോഴും കഴക്കൂട്ടം ബൈപ്പാസ്പോലും വീതികൂട്ടാൻ കഴിയാത്ത സ്ഥിതിയാണ്. അതാണ് ഞാൻ നേരത്തേ സൂചിപ്പിച്ചത്. ഒരു പദ്ധതി ആവിഷ്കരിക്കുമ്പോൾ ദീർഘവീക്ഷണത്തോടുകൂടി അതിനെ കാണാൻ കഴിയുന്നുണ്ടോ; ഞങ്ങൾ കഴിഞ്ഞ പ്രാവശ്യം

ചൈനയിൽ ഒരു delegation പോയി. അവിടെ വിഴിഞ്ഞം തുറമുഖത്തിന്റെ അത്രയും സാധ്യതകൾ ഇല്ലാത്ത ഒരു തുറമുഖം സന്ദർശിച്ചിരുന്നു. സമുദ്രത്തിലൂടെ 36 കിലോമീറ്റർ പാലമാണ് ആറ്ലൈൻ റോഡ് ട്രാഫിക് ആയി നിർമ്മിച്ചിരിക്കുന്നത്. ആ 36 കിലോമീറ്റർ കടൽപ്പാലം പണിയുന്നതിന് ചൈനയിൽ എടുത്തത് കേവലം 3 വർഷമാണ്. ചൈനക്കാരെ ഞാൻ അഭിനന്ദിക്കുകയാണ്. അതിനൊന്നും എനിക്കൊരു മടിയുമില്ല. കേരളത്തിൽ അത് നടക്കുമോ? ഞാനും ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണിയും പ്രൊഫ. സി. രവീന്ദ്രനാഥും അവിടെ പോയിരുന്നു. നമുക്ക് അത്തരം ഒരു വികസനം, 18 മീറ്റർ ഡെപ്ത്ത് മാത്രമേ ഈപറയുന്ന തുറമുഖത്തിന് ഉള്ളൂ. റോഡിൽ നിന്ന് കാലെടുത്തുവച്ചാൽ 20 മീറ്റർ ഡെപ്ത്തുള്ള വിഴിഞ്ഞം തുറമുഖത്തിലേയ്ക്ക് ഒരു സിംഗിൾ ലൈൻപോലും നിർമ്മിക്കാൻ കഴിയാത്ത സാഹചര്യത്തിൽ വികസനം ഒരു സങ്കൽപ്പം മാത്രമായി നിൽക്കുന്നു. അതു കൊണ്ടാണ് ഞാൻ പറഞ്ഞത്.

മി. സ്പീക്കർ: ശ്രീ. ബെന്നി ബെഹനാൻ... ആരാണ് ഇതിന്റെ പ്രതികൾ; നമ്മളൊക്കെയല്ലേ?

ശ്രീ. ബെന്നി ബെഹനാൻ: സർ, നമ്മളൊക്കെ തന്നെയാണ്. അതു കൊണ്ടാണ് ഞാൻ പറയുന്നത്, ഇതിനുവേണ്ടി ഈ ബില്ലിൽ പറഞ്ഞിരിക്കുന്നതുപോലെയുള്ള ഒരു അതോറിറ്റി രൂപീകരിച്ച് ബോധവൽക്കരണം നടത്തി കേരളത്തിന്റെ സമഗ്രമായ വികസനത്തിനു വേണ്ടിയുള്ള പ്രക്രിയയുമായി മുമ്പോട്ട് പോകണം. നമുക്ക് അതിനുവേണ്ടിയുള്ള ഒരു ആശയമാണ് വേണ്ടത്.

<u>മി. സ്പീക്കർ</u>: പ്ലീസ് കൺക്ലൂഡ്.....

<u>ശ്രീ. ബെന്നി ബെഹനാൻ</u>: സർ, ഞാനിത് കണ്ടിന്യൂ ചെയ്യുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഉറപ്പുനൽകിയിട്ടില്ല. ചർച്ച തുടരുന്നത് സംബന്ധിച്ച് കമ്മിറ്റി ചെയർമാൻ അല്ല അന്തിമ തീരുമാനമെടുക്കേണ്ടത്. കമ്മിറ്റി ചെയർമാൻ ഞങ്ങളുടെ അധികാരത്തെ കവർന്നെടുക്കുന്നതിന് അങ്ങ് അനുവദിക്കരുത്. അദ്ദേഹം എന്നോട് പറയുന്നത് മന്ത്രി ഉറപ്പുനൽകിയിട്ടുണ്ട് എന്നാണ്. മന്ത്രി ഉറപ്പുനൽകയിട്ടില്ല. എന്റെ സമയം കഴിഞ്ഞതുകൊണ്ട് ഞാൻ പ്രസംഗം നിർത്താൻ തയ്യാറാണ്. ചർച്ച തുടരും എന്നുപറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

## (iii) <u>**2014-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ**</u>

<u>ശ്രീ. എസ്. ശർമ്മ</u>: സർ, 2014-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലിന്റെ അവതരാണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u>: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി <u>(ശ്രീ. കെ. പി. മോഹനൻ)</u>: സർ, കേരളത്തിൽ ഒരു ഗ്രാമസഭ എന്നുപറയുന്നത് ഒരു ഗ്രാമപഞ്ചായത്തിലെ വോട്ടർമാരുടെ സഭയാണ്. വോട്ടർമാരുടെ സഭ ഉണ്ടാകുന്നത് ആ ഭൂപ്രദേശത്തിലെ അംഗങ്ങളെ ഗ്രാമസഭയിലേയ്ക്ക് ക്ഷണിച്ചുകൊണ്ടാണ്. ഗ്രാമസഭ മൂന്ന് മാസത്തിലൊരിക്കലെങ്കിലും കൂടിയിരിക്കണമെന്ന് 3-ാം വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഗ്രാമസഭ നിശ്ചിത സമയക്രമത്തിൽ കൂടിയില്ലെങ്കിൽ പഞ്ചായത്തംഗങ്ങൾക്ക്

അയോഗ്യത സംഭവിക്കുമെന്ന് പഞ്ചായത്ത് രാജ് ആക്ടിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് ആക്ട് (എ) പ്രകാരം ഗ്രാമസഭയുടെ ചുമതലകളും അധികാരങ്ങളും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത വ്യവസ്ഥകൾ പ്രകാരം ഗ്രാമപ്രദേശത്തെ വികസനപ്രവർത്തനങ്ങളിലും പ്രാദേശിക പ്രശ്നങ്ങളിലും ഫലപ്രദമായി ഇടപെടാനും ഗ്രാമസഭയ്ക്ക് കഴിയും. വികസനപ്രവർത്തനങ്ങളെക്കുറിച്ച് ചർച്ചചെയ്യാനും നിർദ്ദേശങ്ങൾ സമർപ്പിക്കാനും വളരെ എഫക്ടീവായി ഇടപെടാനും ഇപ്പോഴും നിലവിലെ വ്യവസ്ഥ പ്രകാരം ജനങ്ങൾക്ക് സാധ്യമാകും. ഇതിനുവേണ്ടി റസിഡന്റ്സ് അസോസിയേഷനുകൾ ഗ്രാമസഭയുടെ ഭാഗമാക്കുന്ന നിയമ ഭേദഗതിയുടെ ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. ആയതിനാൽ ഇനി ഒരു നിയമ ഭേദഗതി തൽക്കാലം ആവശ്യമില്ല. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട അംഗം ഇവിടെ നോട്ടീസ് നൽകിയ 2014-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പരിഗണിക്കേണ്ടതില്ല എന്നാണ് സർക്കാരിന്റെ അഭിപ്രായം.

## **(iii)** 2014–ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

ശ്രീ. എസ്. ശർമ്മ: സർ, ഇവിടെ ഗവൺമെന്റിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രി വിശദീകരണം നടത്തുകയുണ്ടായി. നിലവിലുള്ള സംവിധാനപ്രകാരം വിശദീകരണം ആ രൂപത്തിൽ നടത്തുന്നതുകൊണ്ട് തെറ്റില്ല. കേരളത്തെ സംബന്ധിച്ചിടത്തോളം ഇപ്പോൾ ഒരു സംസ്കാരം പോലെ വളർന്നുവരുന്ന പ്രവർത്തനരൂപമാണ് റസിഡന്റ്സ് അസോസിയേഷനുകൾ. കേരള പഞ്ചായത്ത് രാജ് ആക്ട് ചാപ്റ്റർ II–ലെ സെക്ഷൻ 3 സബ് സെക്ഷൻ 7-ൽ ഗ്രാമസഭയെ സംബന്ധിച്ചും 3(എ), 3(ബി) എന്നീ സെക്ഷനുകളിൽ അവയുടെ ചുമതലകളും പ്രവർത്തനങ്ങളും സംബന്ധിച്ച് പ്രതിപാദിക്കുന്നു.

കേരളത്തിൽ 1994–ലെ പഞ്ചായത്ത് രാജ് ആക്ട് പ്രകാരം ഗ്രാമസഭകളെ നാലാമതായുള്ള ഭരണസംവിധാനമായി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ആ ഗ്രാമസഭകളുടെ പ്രവർത്തനം ഭരണഘടനാ ചുമതലകൾ നിർവ്വഹിക്കാൻ മൂന്ന് മാസത്തിലൊരിക്കലോ ആറുമാസത്തിലൊരിക്കലോ വർഷത്തിലൊരി ക്കലോ ചേർന്നുകൊണ്ടുള്ള സംവിധാനം നിലവിലുണ്ട്. ആ സംവിധാനത്തിന്റെ പ്രവർത്തനങ്ങളിൽ കൂടുതൽ സഹായകരമായ വിധത്തിൽ നിലവിലുള്ള റസിഡന്റ്സ് അസോസിയേഷനുകളുടെ പ്രവർത്തനത്തെ പ്രയോജനപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശം നൽകുന്നതിനും നിയമസംവിധാനത്തിന്റെ ഭാഗമാക്കി ഇന്ന് കേരളത്തിൽ രൂപപ്പെട്ടുവരുന്ന റസിഡന്റ്സ് അസോസിയേഷനുകളെ പ്രയോജനപ്പെടുത്തുക എന്ന കാഴ്ചപ്പാടാണ് ഇതിന്റെ ഭാഗമായിട്ടുള്ളത്. കേരളത്തിലെ വിവിധ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ഓരോ വാർഡുകൾ കേന്ദ്രീകരിച്ച് ഒന്നിലേറെ റസിഡന്റ്സ് അസോസിയേഷനുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. പ്രവർത്തന മേഖലയുടെ സമഗ്ര വികസനത്തിനും അസോസിയേഷനുകളിൽ അംഗമായിട്ടുള്ളവരുടെ പൊതുതാൽപ്പര്യ സംരക്ഷണത്തിനും പൊതുക്ഷേമ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും നേതൃത്വപരമായ പങ്കു വഹിക്കുന്നത് റസിഡന്റ്സ് അസോസിയേഷനുകളാണ്. പല സ്ഥലങ്ങളിലും നല്ല നിലയിൽ പ്രവർത്തിക്കുന്ന റസിഡന്റ്സ് അസോസിയേഷനുകൾ അംഗങ്ങളായി പ്രവർത്തിക്കുന്ന സംഘടനകളുണ്ട്. അംഗങ്ങളായിട്ടു ള്ളവരുടെ ക്ഷേമത്തിനായി നിരവധിയായ വികസനപ്രവർത്തനങ്ങളിലും ജനാധിപത്യ പ്രക്രിയയിലും ജനോപകാരപ്രദമായ പ്രവർത്തനങ്ങളിലും

തദ്ദേശസ്ഥാപനങ്ങളെ സഹായിക്കുവാൻ ഇന്ന് റസിഡന്റ്സ് അസോസിയേഷനുകൾക്ക് കഴിയും. റസിഡന്റസ് അസോസിയേഷനുകൾ ഒരു ഓർഗനൈസേഷൻ പോലെ വാർഡ്–പഞ്ചായത്ത്–കോർപ്പറേഷൻ–മുനിസിപ്പൽ കോ–ഓർഡിനേഷൻ തലത്തിലും ജില്ലാടിസ്ഥാനത്തിലുള്ള അപ്പെക്സ് കൗൺസിലുകളായും ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്.

ഗ്രാമസഭകൾ ഇന്നൊരു സംഘടനയല്ല. ഒരു കോൺസ്റ്റിറ്റ്യൂഷണലായിട്ടുള്ള സംവിധാനം എന്നുള്ള നിലയ്ക്ക് പ്രവർത്തിക്കുമ്പോൾ ആ ഗ്രാമസഭകളിൽ പങ്കെടുത്തുകൊണ്ട് റെസിഡന്റ്സ് അസോസിയേഷനുകൾ പ്രവർത്തിക്കുന്നു. അതേ അവസരത്തിൽ തദ്ദേശസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്ക് കൂടുതൽ ജനാധിപത്യപരമായി ജനങ്ങളുടെ അഭിപ്രായ രൂപീകരണ പ്രക്രിയയിൽ നല്ല നിലയിൽ ഒരു പ്രോത്സാഹനം നൽകാൻ റെസിഡന്റ്സ് അസോസിയേഷനുകൾക്ക് ഇന്ന് കഴിഞ്ഞുവരുന്നുണ്ട്. പഞ്ചായത്തുകളിലെ വിവിധ വികസന കമ്മിറ്റികളിൽ തദ്ദേശ സ്ഥാപനങ്ങളിലെ ഇലക്റ്റഡല്ലാത്ത സംവിധാനത്തെ പ്രയോജനപ്പെടുത്തുമ്പോൾ റെസിഡന്റ്സ് അസോസിയേഷനുകളുടെ പ്രാതിനിധ്യം ഉറപ്പാക്കുവാൻ കഴിയുന്നതിനുള്ള സംവിധാനമുണ്ട്. അതുപോലെതന്നെ വികസനപ്രവർത്തികളുടെ അർത്ഥവത്തായ വിധത്തിലുള്ള നടത്തിപ്പിൽ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുവാനും റെസിഡന്റ്സ് അസോസിയേഷനുകൾക്ക് കഴിയും. നമ്മുടെ മാലിന്യനിർമ്മാർജ്ജന പ്രക്രിയയും അതിന്റെ ഉറവിട സംസ്കരണ രീതികളിലുമെല്ലാം റെസിഡന്റ്സ് അസോസിയേഷൻ മുഖേന ഉറപ്പുവരുത്താൻ അവരുടെ സേവനത്തെ പ്രയോജനപ്പെടുത്താം. വാർഡുതലത്തിൽ അനുയോജ്യമായ വിധത്തിൽ പദ്ധതികൾ ക്രമീകരിക്കുന്നതിന് ഒരു ഏജൻസി എന്നുള്ള നിലയിലേയ്ക്ക് റെസിഡന്റ്സ് അസോസിയേഷനുകളുടെ സേവനത്തെ പ്രയോജനപ്പെടുത്താൻ കഴിയും.

പഞ്ചായത്തുതലത്തിൽ ഓരോ വാർഡിലും കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ പച്ചക്കറിയുടെ കാര്യത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനുള്ള പ്രഖ്യാപനം നടത്തിയിട്ടുണ്ടല്ലോ; ആ സ്വയംപര്യാപ്തഗ്രാമങ്ങൾ സൃഷ്ടിക്കുന്നതിന്.... പച്ചക്കറിക്കൃഷികൾതന്നെ ഏതെങ്കിലും ഗ്രാമസഭയെക്കൊണ്ട് ചെയ്യിക്കാൻ പറ്റുമോ? ഒരു ഓർഗനൈസേഷൻ എന്നുള്ള നിലയിൽ റെസിഡന്റ്സ് അസോസിയേഷനുകളുടെ സേവനത്തെ നമുക്ക് പ്രയോജനപ്പെടുത്താൻ കഴിയും. പരിസ്ഥിതി സംരക്ഷണത്തിന് അതാത് വാർഡുകളിൽ ഇവരുടെ സേവനം.....

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, അങ്ങ് പറഞ്ഞ വളരെ പ്രധാനപ്പെട്ട കാര്യങ്ങളിൽ, പ്രത്യേകിച്ച് പഞ്ചായത്തിലെ വാർഡുകളിലൊക്കെ പച്ചക്കറി കൃഷി ചെയ്യാൻ ഇപ്പോൾത്തന്നെ ഇടപെട്ടുകൊണ്ടിരിക്കുകയാണ്. അവർക്ക് അതിന്റെ അംഗീകാരവും നൽകുന്നുണ്ട്. അതോടൊപ്പംതന്നെ വേണ്ട എല്ലാ സഹായങ്ങളും കൃഷി വകുപ്പിൽനിന്നും പഞ്ചായത്ത് വകുപ്പിൽനിന്നും നൽകിവരുന്നുമുണ്ട്. അതുകൊണ്ട് അതിനായി പ്രത്യേകം ഇതിൽ വേണമെന്നില്ല എന്നതാണ് സൂചിപ്പിച്ചത്.

ശ്രീ. എസ്. ശർമ്മ: സർ, നിരവധിയായ കാര്യങ്ങളുടെ കൂട്ടത്തിൽ ഒരു കാര്യം ഞാൻ പരാമർശിച്ചെന്നെയുള്ളൂ. യഥാർത്ഥത്തിൽ നമ്മൾ അറിഞ്ഞിരിക്കേണ്ട ഒരു കാര്യം, സമ്പത്ത് ഉൽപ്പാദന വ്യവസ്ഥിതിയിൽ, മുതലാളിത്ത വികസന പ്രക്രിയയിൽ മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധങ്ങളിൽ അന്യംസംഭവിച്ചുകൊണ്ടിരിക്കുന്ന, മൂല്യത്തകർച്ച സംഭവിച്ചുകൊണ്ടിരിക്കുന്ന ഒരു സവിശേഷമായ കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. ആ നഷ്ടപ്പെട്ടുപോയ മാനവികതയെ വീണ്ടെടുത്ത്, പുനരുദ്ധാരണ പ്രക്രിയയിൽ

ആധുനിക കേരളത്തിന്റെ നിർമ്മിതിയിൽത്തന്നെ ഓരോ പ്രദേശത്തും ജാതി, മത, രാഷ്ട്രീയ, സങ്കുചിതതാൽപ്പര്യങ്ങൾ ഇവയൊന്നുമില്ലാതെ മാനവിക തയെ അടയാളപ്പെടുത്തിക്കൊണ്ടുള്ള ഒരു സംസ്കാരത്തിന് റെസിഡൻസ് അസോസിയേഷനുകൾ പ്രാദേശികമായി ഒരുപങ്ക് വഹിച്ചുവരുന്നു. അതിനൊരു ഏകീകൃതസ്വഭാവം കേരളത്തിലുണ്ടാവണമെങ്കിൽ കോ-ഓർഡി നേഷൻ ഉണ്ടാകണം. അതിന് അവർ ചെയ്യുന്ന പ്രവർത്തനത്തെ പ്രോത്സാ ഹിപ്പിക്കുന്നതിന് മാർഗ്ഗനിർദ്ദേശക തത്വങ്ങൾ കൊടുക്കുക. അങ്ങനെ ഗവൺമെന്റ് ഒരു ഗൈഡ്ലൈൻ കൊടുത്തുകൊണ്ട് അവരുടെ സേവനത്തെ പ്രയോജനപ്പെടുത്തിയാൽ നമുക്ക് നഷ്ടപ്പെട്ടുപോയ സഹോദരബന്ധങ്ങളും മൂല്യങ്ങളുമൊക്കെ വീണ്ടെടുത്തുകൊണ്ട് കേരളത്തിന്റെ നിർമ്മിതിയിൽ അവ രുടെ സേവനത്തെ പ്രയോജനപ്പെടുത്താൻ കഴിയുന്നതിൽ പങ്കുവഹിക്കാനാ കും. ജനകീയ പോലീസ് സംവിധാനം കേരളത്തിൽ കുറ്റകൃത്യങ്ങൾ കുറച്ചു കൊണ്ടുവരുന്നതിൽ വഹിക്കുന്ന പങ്ക് മാതൃകാപരമായിത്തന്നെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സ്ഥാപിക്കപ്പെട്ടതും ഇപ്പോൾ ഈ ഗവൺമെന്റിന്റെ കാലത്ത് നടപ്പാക്കി മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നതുമാണ്. ഈ ജനകീയ പോലീസ് സംവിധാനത്തിൽ ഗ്രാമസഭയ്ക്ക് എന്ത് ചെയ്യാൻ പറ്റും. അതേ അവസരത്തിൽ അതാത് സ്ഥലത്തെ റെസിഡന്റ്സ് അസോസിയേഷനുകളുടെ സേവനത്തെ പ്രയോജനപ്പെടുത്തിക്കൊണ്ടുവരാൻ കഴിഞ്ഞാൽ പ്രാദേ ശികമായുള്ള കുറ്റകൃത്യങ്ങൾ കുറച്ചുകൊണ്ടുവരുന്നതിനും ജനകീയ പോലീസ് സംവിധാനത്തെ പ്രയോജനപ്പെടുത്തുന്നതിനും ഈ റെസിഡന്റ്സ് അസോസിയേഷനുകൾക്ക് കഴിയും.

ശ്രീ. പാലോട് രവി: സർ, ഭരണഘടനാ ഭേദഗതി അനുസരിച്ചാണ് 1994 –ൽ ഈ നിയമസഭ പഞ്ചായത്ത് രാജ് നിയമം പാസ്സാക്കുന്നത്. ആ ഭരണഘടനാ ഭേദഗതിയിൽത്തന്നെ ഭരണഘടനാനുസൃതമായി നമ്മുടെ നാലാമത്തെ ഭരണ സംവിധാനമായാണ് ഗ്രാമസഭയെ ഉൾക്കൊള്ളിച്ചിരിക്കുന്നത്. സ്വാഭാവികമായും അങ്ങ് കൊണ്ടുവന്നിരിക്കുന്ന ഈ നിയമത്തെ സംബന്ധിച്ചിടത്തോളം ഇത് ഭരണഘടനാ ഭേദഗതിയുമായി ബന്ധപ്പെട്ട് പോകേണ്ടതല്ലേ? ഈ രാജ്യത്തിന്റെ നിയമമായതുകൊണ്ട് സ്വാഭാവികമായും ഇതിന്റെ ഭരണ സംവിധാനങ്ങൾ എന്തൊക്കെയായിരിക്കണമെന്ന് ഭരണഘടന പറഞ്ഞിരിക്കുകയാണ്. ഇത് ഭരണഘടനാ ഭേദഗതി ആയതുകൊണ്ട് ഭരണഘടനാനുസൃതമായി പോകേണ്ടതല്ലേ;

ശ്രീ. എസ്. ശർമ്മ: സർ, ഭരണഘടനാപരമായിട്ടുള്ള ഭേദഗതി അടിസ്ഥാനപ്പെടുത്തി നാലാമത്തെ ഭരണസംവിധാനമാണ് നിലവിലുള്ള ഗ്രാമസഭ. ആ ഗ്രാമസഭകളുടെ പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രോത്സാഹനം നൽകുന്ന....... അങ്ങുംമറ്റും തിരുവനന്തപുരം സിറ്റിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരാണല്ലോ; ഒരു എം.എൽ.എ. എന്നുള്ള നിലയ്ക്ക് ബഹുമാന്യരായ സ്പീക്കറും കെ. മുരളീധരനും പാലോട് രവിയും ഉൾപ്പെടുന്ന നമ്മളെല്ലാവരും ഈ റെസിഡന്റ്സ് അസോസിയേഷനുകളുടെ പ്രവർത്തനങ്ങളെ വളരെ മതിപ്പോടുകൂടി കാണുകയും, അവർക്ക് ഒരു പ്രോത്സാഹനം കൊടുക്കുകയുമാണ്, അതിനൊരു അമെന്റ്മെന്റ് കൊണ്ടുവരികയെന്നുള്ളതാണ് ആവശ്യം. അല്ലാതെ നമുക്കിതിന് കഴിയില്ല. ഇപ്പോഴുള്ള ഗ്രാമസഭാ സംവിധാനത്തിന് കൂടുതൽ പ്രോത്സാഹനവും കരുത്തും നൽകണം. പ്രാദേശിക വികസന ദൗത്യങ്ങളും ജനകീയ പോലീസ് സംവിധാനങ്ങളും ഉത്പാദന

പ്രക്രിയയിൽ വഹിക്കുന്ന പങ്ക് ഏറ്റവും ട്രാൻസ്പാരന്റായി, ജനാധിപത്യപരമായി, ഒരു ജനകീയ സംവിധാനത്തെ ആക്ടീവായി കേരള വികസന പ്രക്രിയയിൽ പങ്കാളിയാക്കാൻ ഇന്ന് ഈ സംവിധാനത്തിലൂടെ കഴിയണം. അതിനൊരു നിയമനിർമ്മാണപ്രക്രിയയ്ക്ക് ഗവൺമെന്റ് മുൻകയ്യെടുക്കണമെന്നതാണ്.........

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, ഈ റെസിഡന്റ്സ് അസോസിയേഷൻകൊണ്ടുള്ള ഫലപ്രദമായ ഒരു കാര്യം, നമ്മുടെ ഗ്രാമസഭകൾ ഇന്ന് പലപ്പോഴും നിർജ്ജീവമാണ്. ഗ്രാമസഭകൾ നമ്മുടെ ഭരണഘടനാപരമായി വന്നതാണെങ്കിലും അത് കാര്യക്ഷമമാകുന്നില്ല, വേണ്ടത്ര ഇടപെടലുകൾ ഉണ്ടാകുന്നില്ല എന്നതാണ് ഇന്നത്തെ നമ്മുടെ അധികാരവികേന്ദ്രീകരണം അനുഭവിക്കുന്ന ഏറ്റവും വലിയ പ്രശ്നം. സ്വാഭാവികമായും ഗ്രാമസഭകളെ സജീവമാക്കാൻ റെസിഡന്റ്സ് അസോസിയേഷന്റെ പങ്കാളിത്തം കൂടുതൽ ഫലപ്രദമാക്കാൻ കഴിയുന്ന ഒരു സാഹചര്യംകൂടി ഇവിടെ ഉരുത്തിരിഞ്ഞുവരുന്നുണ്ട്.

ശ്രീ. എസ്. ശർമ്മ: സർ, അങ്ങ് പറഞ്ഞത് വളരെ കറക്ടാണ്. യഥാർത്ഥത്തിൽ ഗ്രാമസഭകൾ ഇപ്പോൾ ടെക്നിക്കലായി ഒരു ദൗത്യം നിർവ്വഹിക്കുന്നുവെന്ന് വരുത്തിത്തീർക്കുകയാണ്. ഫലത്തിൽ എഫക്ടീവായി കൂടുകയെന്നുള്ള ഒരു അടിസ്ഥാന കൺസെപ്റ്റ് ആ കാര്യത്തിൽ ഉണ്ടായിരുന്നു. ആ കൺസെപ്റ്റ് പൂർണ്ണമായും നിർവ്വഹിക്കപ്പെടുന്നില്ല. അതേ അവസരത്തിൽ റെസിഡന്റ്സ് അസോസിയേഷനുകളെ ഫലപ്രദമായി ഇതിന് പ്രയോജനപ്പെടുത്താനും ഗ്രാമസഭകൾ കൂടുന്നതിനും ഗ്രാമസഭകളെത്തന്നെ കൂടുതൽ പ്രാപ്തമാക്കുന്നതിനും സഹായിക്കത്തക്ക വിധത്തിലുള്ള നിയമ ഭേദഗതികൾ വരുത്തി, ഈ ജനധിപത്യ പ്രക്രിയയിൽ അവരുടെ സേവനത്തെ

നമുക്ക് പ്രയോജനപ്പെടുത്തണമെന്നതാണ് അടിസ്ഥാനപരമായ കാര്യം. സമ്മേളനം കഴിഞ്ഞ് നമ്മളെല്ലാം അവരവരുടെ മണ്ഡലങ്ങളിൽ ചെല്ലു മ്പോൾ രണ്ടോമൂന്നോ യോഗങ്ങളിലെങ്കിലും ജനപ്രതിനിധികളെന്ന നിലയിൽ ഇൻവോൾവ്ഡാണ്. ഈ വികസനപ്രക്രിയയിൽ, നിർമ്മാണപ്രക്രിയയിൽ, പ്രാദേശികമായ പലതരത്തിലുള്ള വികസനപ്രക്രിയയിൽ അവരെ ഇൻവോൾവ്ഡാക്കുക എന്നത് അവരുടെ തന്നെ ഒരാവശ്യവുമാണ്. ബഹുമാ നപ്പെട്ട കൃഷി വകുപ്പുമന്ത്രി പറഞ്ഞതുപോലെ പച്ചക്കറികൃഷി പോലുള്ള സംവിധാനങ്ങളുണ്ട്. ആ സംവിധാനത്തിൽ ഒരു ഏകീകൃത സ്വഭാവം, സ്വയംപര്യാപ്തമായ പ്രദേശങ്ങളെ, പച്ചക്കറികളുടെ കാര്യത്തിൽ പട്ടണപ്രദേ ശങ്ങളിൽ അതിന്റെ അടിസ്ഥാനത്തിലും ഗ്രാമപ്രദേശങ്ങളിൽ അതിന്റെ അടി സ്ഥാനത്തിലും, പ്രാപ്തമാക്കി ഉത്പാദനപ്രക്രിയകളിലും അവരെ പങ്കാളികളാ ക്കാൻ ഭരണഘടനാപരമായി നിലവിലുള്ള ഗ്രാമസഭകൾക്കോ നിലവിലുള്ള തദ്ദേശ സ്ഥാപനങ്ങളുടെ അധികാരത്തിനോ കീഴ്പ്പെട്ടുകൊണ്ട്, ബേസിക്കായി പറഞ്ഞാൽ ഗ്രാമസഭകൾക്ക് കീഴ്പ്പെട്ടുകൊണ്ട് ഒരു നിയമസംവിധാന പ്രക്രി യയുടെ അവിഭാജ്യഘടകമായി ഈ നിലവിലുള്ള സംവിധാനത്തിന്റെ സേവ നത്തെ എങ്ങനെ പ്രയോജനപ്പെടുത്താം. ആ ദിശയിലേയ്ക്കുള്ള ഒരു പോസി റ്റീവായ ചിന്തയാണ് യഥാർത്ഥത്തിൽ ഗവൺമെന്റിനുണ്ടാവേണ്ടത്. ഒരു നയാപൈസ ഗവൺമെന്റിന്റെ സഞ്ചിതനിധിയിൽനിന്ന് ചെലവാകുന്ന പ്രശ്നം ഈ കാര്യത്തിലില്ല. പാനലൊക്കെ കണക്കാക്കിക്കൊണ്ട് നിലവിലുള്ള സംവി ധാനത്തിന്റെ പ്രവർത്തനത്തെ പ്രാപ്തമാക്കിയെടുക്കുന്നതിൽ ഒരു ജനകീയ കൂട്ടായ്മയുടെ അനിവാര്യമായ പ്രക്രിയ നമുക്ക് പ്രയോജനപ്പെടുത്താനാവും. ആ ദിശയിലേക്ക് ചിന്തിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം, അങ്ങ് തുടരുകയാണോ?

ശ്രീ. എസ്. ശർമ്മ: സർ, വളരെ പ്രധാനപ്പെട്ട ഒരു ബില്ലാണ് ശ്രീ. കോടിയേരി ബാലകൃഷ്ണന്റേത്. അതുകൂടി മനസ്സിൽവച്ച് ചർച്ച പിന്നീട് തുടരാമെന്നുള്ള നിലയിൽ ഞാൻ നിർത്തുന്നു.

## (iv) 2014-ലെ കേരള സ്വകാര്യ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് സംവരണം ഏർപ്പെടുത്തൽ ബിൽ

മി. സ്പീക്കർ: ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ, അങ്ങേയ്ക്ക് 2014-ലെ കേരള സ്വകാര്യ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് സംവരണം ഏർപ്പെടുത്തൽ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, 2014-ലെ കേരള സ്വകാര്യ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് സംവരണം ഏർപ്പെടുത്തൽ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പട്ടികജാതി- പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇവിടെ അവതരിപ്പിച്ച ഈ സ്വകാര്യ ബില്ലിലെ ആശയം ബഹുമാനപ്പെട്ട അംഗം ശ്രീ. എസ്. ശർമ്മ സൂചിപ്പിച്ചതുപോലെ നമ്മുടെ വർത്തമാനകാല സാഹചര്യത്തിൽ ഏറ്റവും പ്രസക്തമായ ഒന്നാണെന്നുള്ളതിൽ യാതൊരു സംശയവുമില്ല. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ അതിന്റെ തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോയിൽ ഏറ്റവും പ്രധാനമായി

സൂചിപ്പിച്ചിരുന്ന ഒരു കാര്യവുമാണ് ഈ സ്വകാര്യ മേഖലയിലുള്ള സംവരണം. ഇന്ന് ഒരു തൊഴിൽ ദാതാവ് എന്നുള്ള നിലയ്ക്ക് ഗവൺമെന്റിന്റെ സാധ്യതകൾ പരിമിതപ്പെട്ടുവരികയാണ്. സ്വകാര്യ മേഖല അതിവിപുലമായി വളർന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടുതന്നെ ഇന്ന് സംവരണമില്ലാത്ത സാഹചര്യത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട ഒരു സമൂഹ ത്തിനെ മുഖ്യധാരയിലേക്ക് കൊണ്ടുവരുമ്പോൾ അതിന്റെ തൊഴിൽ സാധ്യത കൾ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ്. ആ തൊഴിൽ സാധ്യതകളാണ് ഇവിടെ ഇല്ലാതാകുന്നത്. അതുകൊണ്ട് ആശയപരമായി എല്ലാ അർത്ഥത്തിലും ഇതി നോട് യോജിക്കുകയും സ്വാഗതം ചെയ്യുകയും ചെയ്യുന്നതോടൊപ്പം വളരെ വിപുലമായ ചർച്ചകളും കാര്യങ്ങളും ഇതിന് ആവശ്യമാണ് എന്നുള്ളതു കൊണ്ടുതന്നെ ഈ സ്വകാര്യ ബില്ലിനെ ഗവൺമെന്റ് അനുകൂലിക്കുന്നില്ല. അതോടൊപ്പം തന്നെ ഒരുകാര്യംകൂടി സൂചിപ്പിക്കാം, ഇന്ന് ഗവൺമെന്റ് സെക്ടറിനും പ്രൈവറ്റ് സെക്ടറിനും ഇടയിൽ എയ്ഡഡ് സെക്ടർ എന്നു പറയുന്ന ഒരു പ്രധാനപ്പെട്ട മേഖലകൂടിയുണ്ട്. ആ മേഖലയിൽ, ഈ സഭയുടെ ശ്രദ്ധയ്ക്കുവേണ്ടി സൂചിപ്പിക്കുകയാണ്, അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്ന നമ്മൾ അവിടെ ബോധപൂർവ്വമായ ഒരു മൗനം പാലിക്കുകയാണ്. സ്വകാര്യ മേഖലയിൽ സംവരണമെന്നത് വളരെ വിപ്ലവകരമായ ആശയമാണ്. പക്ഷേ പൂർണ്ണമായും ഗവൺമെന്റ് വേതനം കൊടുക്കുന്ന ഒട്ടനവധി സ്ഥാപന ങ്ങളിൽ സംവരണം നടപ്പാക്കാൻ ഇതുവരെ നമുക്ക് കഴിഞ്ഞിട്ടില്ല. അപ്പുറവും ഇപ്പുറവും ഇരിക്കുന്ന നമ്മൾ എല്ലാവരും അക്കാര്യത്തിൽ ഒരുപോലെ പ്രതിക ളായി നിൽക്കേണ്ട സാഹചര്യമുണ്ട്. ഞാൻ കൂടുതൽ സംസാരിക്കുകയല്ല. ഈ ബില്ല് വന്ന സാഹചര്യത്തിൽ ഞാൻ നമ്മുടെ ഗവൺമെന്റ് സ്കൂളുക

ളുടെ കണക്കെടുത്ത് പരിശോധിച്ചു. 5250 ഗവൺമെന്റ് സ്കൂളുകൾ, 7947 എയ്ഡഡ് സ്കൂളുകൾ, 148 എയ്ഡഡ് കോളേജുകൾ, 38 ഗവൺമെന്റ് കോളേജുകൾ. അവിടുത്തെ അദ്ധ്യാപക-അനദ്ധ്യാപകരുടെ എണ്ണമെന്നു പറയുന്നത് എയ്ഡഡ് സെക്ടറിൽ ഏതാണ്ട് 1,12,941. എയ്ഡഡ് കോളേജുകളിലാണെങ്കിൽ ഏതാണ്ട് 10,000. ഇത് രണ്ടുംകൂടി വരുമ്പോൾ 1,22,000-ത്തോളം. ഇത്രത്തോളം അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്ക് ഗവൺമെന്റ് ശമ്പളം കൊടുത്തുകൊണ്ടിരിക്കുകയാണ്. അവിടെ നമ്മൾക്ക് സംവരണം നടപ്പാക്കാൻ സാധിച്ചിട്ടില്ല. അങ്ങനെ കൊടുക്കുകയാണെങ്കിൽ ഏതാണ്ട് 12000-ത്തോളം വരുന്ന എസ്.സി./എസ്.ടി വിഭാഗത്തിലുള്ള അദ്ധ്യാപകർക്ക് ഇന്ന് ജോലിക്കുള്ള സാധ്യതയുണ്ട് എന്നുള്ളത് വളരെ വലിയൊരു സത്യമാണ്. നമ്മുടെ ഈ സഭയും മാധ്യമങ്ങളുമൊന്നും ചർച്ച ചെയ്യപ്പെടാതെ പോകുന്നൊരു കാര്യമാണിത്. ഇവിടെ എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്, മാനേജ്മെന്റുകളുടെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടണമെന്നൊന്നും വ്യക്തിപരമായി അഭിപ്രായം പറയുന്ന ആളല്ല ഞാൻ. അതിനൊക്കെ ഇന്നത്തെ സാമൂഹിക സാഹചര്യത്തിൽ ഒരുപാട് പരിമിതികളുണ്ട്. പക്ഷേ ഒരു നിർദ്ദേശം, മാനേജ്മെന്റുകൾ ഇന്ന് നടത്തുന്ന നിയമനങ്ങൾ പി.എസ്.സി.-ക്കോ മറ്റേതെങ്കിലും ഏജൻസിക്കോ വിടാതെതന്നെ ആ മാനേജ്മെന്റുകൾ നിർബന്ധമായും 100 പേരെ എടുക്കുകയാണെങ്കിൽ 10 പേരെ സംവരണത്തിൽ എടുക്കുവാനുള്ള അവകാശം അവർക്ക് കൊടുത്തുകൊണ്ട്... അവരിന്ന് എടുക്കുന്ന പല മാനദണ്ഡങ്ങളുമുണ്ട്. ആ മാനദണ്ഡങ്ങൾക്കും, അവർ നിഷ്ക്കർഷിക്കുന്ന കാര്യങ്ങൾക്ക് വിധേയമായിട്ടാണെങ്കിൽപോലും ഈ 100

ആളുകൾക്കിടയിൽനിന്ന് 10 ശതമാനം ആളുകൾക്ക് നിയമനം കൊടുക്കുവാനുള്ള നിർദ്ദേശം ഗവൺമെന്റ് കൊടുക്കണം. സ്വാഭാവികമായും അത് നിർബന്ധമാക്കുന്ന ഒരു സാഹചര്യം ഉണ്ടായിക്കഴിഞ്ഞാൽ മാനേജ്മെന്റിന് പ്രയാസമില്ലാത്ത രീതിയിൽ ഈ ഒരു സംവരണം മുന്നോട്ടു കൊണ്ടുപോകാൻ സാധിക്കും. ഞാൻ ദീർഘിപ്പിക്കുന്നില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ഈ സഭയുടെ ചർച്ചയിലേയ്ക്കും ശ്രദ്ധയിലേയ്ക്കും ഈ ഒരു പ്രമേയം, സ്വകാര്യ ബില്ല് കൊണ്ടുവന്നതിനെ പൂർണ്ണമായും സ്വാഗതം ചെയ്യുന്നുവെങ്കിലും ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ പ്രായോഗികമായ ബുദ്ധിമുട്ടുകൾ ഉള്ളതുകൊണ്ട് ഈ സ്വകാര്യ ബില്ലിനെ ഗവൺമെന്റ് അനുകൂലിക്കുന്നില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഇത് എപ്പോഴും നമ്മൾ അങ്ങോട്ടും ഇങ്ങോട്ടും സ്വാഗതം ചെയ്താൽ മാത്രംപോര. ഇനി ആക്ഷനിലേയ്ക്ക് പോകണം. ശ്രീമൂലം പ്രജാസഭയിൽ അയ്യങ്കാളി നടത്തിയ പ്രസംഗത്തിൽ പറഞ്ഞത്, പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് ഒരു പ്യൂണിന്റെ ജോലിയെങ്കിലും കൊടുക്കണമെന്നാണ്. അന്നൊരു പ്യൂണിന്റെ ജോലി പട്ടികജാതി വിഭാഗത്തിൽപ്പെട്ടവന് അത്ര വിലപ്പെട്ടതായിരുന്നു. സർക്കാർ സർവ്വീസിൽ സംവരണം വേണമെന്നുള്ള തത്വത്തിന്റെ അടിസ്ഥാനത്തിലാണ് അയ്യങ്കാളി ഈ ആവശ്യം ശ്രീമൂലം പ്രജാസഭയിൽ ആവശ്യപ്പെട്ടത്. നമ്മുടെ ഭരണഘടന വന്നതിനുശേഷം ഭരണഘടനയിലെ വിവിധ വകുപ്പുകളനുസരിച്ച് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സംവരണം അനുവദിക്കപ്പെട്ടു. ബഹുമാനപ്പെട്ട പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി ശ്രീ. എ. പി. അനിൽകുമാർ ഇതുസംബന്ധിച്ച് ഇവിടെ പറഞ്ഞ വിവരം നമ്മുടെയെല്ലാം കണ്ണ് തുറപ്പിച്ചിരിക്കുകയാണ്.

നമ്മുടെ സർക്കാർ ട്രഷറിയിൽനിന്ന് ശമ്പളം കൊടുത്ത് അതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നവരാണ് എയ്ഡഡ് കോളേജുകളിലേയും എയ്ഡഡ് സ്കൂളുകളിലെയും അദ്ധ്യാപകൻമാർ. ആ മേഖലയിൽപ്പോലും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സംവരണമില്ല. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ശരിയാണ്, ആ മാനേജ്മെന്റ് നിശ്ചയിക്കുന്നതിനകത്തുപോലും ആർക്കും നിയമനം കിട്ടുന്നില്ല. ഇവിടെ എന്റെ മുമ്പിൽ കിട്ടിയൊരു റിപ്പോർട്ടുപ്രകാരം നമ്മുടെ സംസ്ഥാനത്ത്... അദ്ദേഹം പറഞ്ഞതുതന്നെയാണ്, 1,15,140 അദ്ധ്യാപകൻമാരിൽ ദളിത്-ആദിവാസി വിഭാഗത്തിൽപ്പെട്ട ആളുകൾ 447 പേരാണ്. ഇതാണ് നമ്മുടെ കേരളത്തിലെ അവസ്ഥ. മറ്റു സംസ്ഥാനത്ത് എന്തായിരിക്കും അവസ്ഥ. എല്ലാ കാര്യത്തിലും ദുർബ്ബല ജനവിഭാഗങ്ങളോട് ആനുകൂല്യം കാട്ടിവരുന്ന കേരള സംസ്ഥാനത്ത് 1,16,000 അദ്ധ്യാപകൻമാർ സ്വകാര്യമേഖലയിൽ പണിയെടുക്കുമ്പോൾ ഇവർ വെറും 447 പേരുമാത്രമേ ഉള്ളൂ. യഥാർത്ഥത്തിൽ അദ്ദേഹം പറഞ്ഞതുപോലെ ഒരു 12,000-ത്തോളം അദ്ധ്യാപകൻമാർക്ക് കിട്ടേണ്ടുന്ന ജോലിയാണ് പട്ടികജാതി വിഭാഗത്തിന് കൊടുക്കാത്തത്. ഇത് സംവരണമില്ല എന്നുള്ള ഒറ്റക്കാരണംകൊണ്ടാണ്. സംവരണമില്ലാതെ സാരോപദേശം നടത്തിക്കൊണ്ട് നിങ്ങൾ 10 ശതമാനം എടുത്തോ എന്നുപറഞ്ഞാൽ ഒരു മാനേജ്മെന്റും എടുക്കാൻ പോകുന്നില്ല.

<u>ശ്രീ. റ്റി. എൻ. പ്രതാപൻ</u>: സർ, ബഹുമാനപ്പെട്ട മന്ത്രിയും അങ്ങും പറഞ്ഞത് വളരെ കാലികമായിട്ടുള്ള കാര്യമാണ്. പ്രതിപക്ഷവും ഭരണപക്ഷവും ഒരുമിച്ച് പറയുകയാണ്. ഭരണഘടനാപരമായി എല്ലാ അവകാശാധികാരങ്ങളും കിട്ടേണ്ട ഈ പിന്നോക്ക ദുർബ്ബല വിഭാഗമായ എസ്.സി./എസ്.ടി.-ക്ക്

ഗവൺമെന്റിന്റെ ട്രഷറിയിൽനിന്ന് ശമ്പളം കൊടുക്കുന്ന സ്ഥാപനങ്ങളിൽ ആനുപാതികമായ സംവരണം വേണമെന്നുള്ളത്... നമുക്ക് രണ്ടുകൂട്ടരുംകൂടി ഒരുമിച്ചു പറയുന്നതുകൊണ്ട് ഇതൊരു നയപരമായ തീരുമാനമെടുപ്പിക്കുക എന്നത്... അതോടൊപ്പം കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇതു പോലെ, എസ്.സി./എസ്.ടി. ജനവിഭാഗത്തിന്റെ ജനസംഖ്യ 10 ശതമാനമുണ്ട്. അവർക്കും പൊതുമേഖലാ സ്ഥാപനങ്ങളിൽ കൊടുക്കുന്നില്ല. അതുകൂടി ഉൾപ്പെടുത്തിക്കൊണ്ട് ഭരണ-പ്രതിപക്ഷ സമന്വയത്തോടുകൂടി ഇത്തര ത്തിലുള്ള നയപരമായ തീരുമാനമെടുക്കുന്നതിനെക്കുറിച്ച് അങ്ങയുടെ അഭി പ്രായമെന്താണ്?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, കോൺഗ്രസ്സിന്റെ മാനിഫെ സ്റ്റോയിലും സി.പി.എം.-ന്റെ മാനിഫെസ്റ്റോയിലും ഇക്കാര്യം പറഞ്ഞിരിക്കു ന്നു. നമുക്ക് രണ്ടുപേർക്കും ചേർന്നാൽ ഈ നിയമസഭയിൽ ഭൂരിപക്ഷം ഉണ്ട്. മറ്റു പാർട്ടിക്കാരാരും ഇതിനെ എതിർക്കാൻ പോകുന്നില്ല. ഞാൻ ഈ ബില്ല് പിൻവലിക്കാം. മന്ത്രി ഇപ്പോൾത്തന്നെ ഇതുസംബന്ധിച്ച് ഒരു ബില്ല് കൊണ്ടുവരികയാണെങ്കിൽ നമുക്ക് ഒന്നിച്ച് പാസ്സാക്കാം. പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സംവരണം കൊടുക്കുന്ന കാര്യത്തിലെങ്കിലും ഈ നിയമസഭ ഇൻഡ്യയ്ക്ക് മാതൃക കാണിക്കണം. ഇവിടെ ചർച്ചചെയ്ത് സമയം കളയേണ്ട കാര്യമില്ല. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, അപ്പുറത്ത് ഇരിക്കുന്ന ആളുകൾ കൊണ്ടുവന്നില്ല എന്ന്. ഞങ്ങൾ കൊണ്ടു വന്നില്ലേ; 1957-ൽ വിദ്യാഭ്യാസ ബില്ലിൽ; സ്വകാര്യ മേഖലയിലെ നിയമന ങ്ങൾ പി.എസ്.സി.-ക്ക് വിട്ടുകൊണ്ടുള്ള നിയമം കൊണ്ടുവന്നതിനെതിരായി വിമോചന സമരം നടത്തി അതിനെ തോൽപ്പിച്ചതുകൊണ്ടല്ലേ, ഈ പട്ടിക

ജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഇത്രയും തൊഴിലവസരം നഷ്ട പ്പെട്ടത്. പി.എസ്.സിക്ക് അദ്ധ്യാപക നിയമനം വിട്ടിരുന്നുവെങ്കിൽ ഇത്രയും പേർക്ക് തൊഴിലവസരം കിട്ടുമായിരുന്നു. ആ അവസരം നമ്മൾ നഷ്ടപ്പെടു ത്തിയില്ലേ; ആ പതിനൊന്നാം വകുപ്പ് സുപ്രീം കോടതി അംഗീകരിച്ചതാണ്. സുപ്രീം കോടതി അംഗീകരിച്ചിട്ടുപോലും നിങ്ങളുടെ സമരം കാരണം അത് ഇല്ലാതാക്കി, ഇപ്പോൾ ഞങ്ങളോട് ചോദിക്കുന്നു നിങ്ങളും കുറ്റക്കാരല്ലേ എന്ന്. ഞങ്ങൾ കുറ്റക്കാരല്ല. അന്ന് നിങ്ങൾ സമരം നടത്തിയില്ലായിരുന്നുവെ ങ്കിൽ പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക്, ഇത്രയും അദ്ധ്യാപകർക്ക് തൊഴിലവസരം കിട്ടുമായിരുന്നു. ശ്രീ. ടി. എൻ. പ്രതാപൻ പറഞ്ഞത് വളരെ പ്രധാനപ്പെട്ടതാണ്. പൊതുമേഖലാസ്ഥാപനങ്ങളിൽ എന്താണു സ്ഥിതി? സംവരണമേ ഇല്ല, സഹകരണസ്ഥാപനങ്ങൾ – തോന്നുന്നതുപോലെ ചെയ്യു ന്നു. ഇതെല്ലാം സർക്കാരിന്റെ ഫണ്ടുകൊണ്ട് പ്രവർത്തിക്കുന്ന സ്ഥാപനങ്ങ ളിൽപോലും നമുക്ക് എന്തുകൊണ്ട് ഇതുകൊണ്ടുവരാൻ കഴിയുന്നില്ല. അതി നുള്ള നിയമമാണ് ഇവിടെ വരേണ്ടത്.

ശ്രീ. വി. എസ്. സുനിൽകുമാർ: സർ, നമ്മുടെ സ്വകാര്യസ്ഥാപനങ്ങ ളിലും അതുപോലെ പൊതുമേഖലാസ്ഥാപനങ്ങളിലും നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിടണമെന്ന അഭിപ്രായമാണ് അദ്ദേഹം പറഞ്ഞിരിക്കു ന്നത്. അതിലൂടെ മാത്രമേ സംവരണം നടപ്പിലാക്കുവാൻ കഴിയുകയുള്ളൂ. അത് ഔദ്യോഗികമായി കോൺഗ്രസ്സിന്റെകൂടി നയമാണോ? അങ്ങനെ നയം നടപ്പിലാക്കുന്നതിൽ എന്തെങ്കിലും തെറ്റുണ്ടോ? അങ്ങനെയാണെങ്കിൽ ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞ ഈ കാര്യം, വളരെ ഗൗരവമായി കൊണ്ടുവന്നിരിക്കുന്ന ഈ ബില്ല്, അതുപോലെ ദേവസ്വം ബോർഡുകൾ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ഈ നടക്കുന്ന ഡിസ്ക്രിമിനേഷൻ ഒഴിവാ

ക്കാൻ കോൺഗ്രസ്സിന്റെയും പ്രഖ്യാപിത നയമാണെങ്കിൽ സി.പി.ഐ. അടക്കമുള്ള പാർട്ടികൾ അതിനെ പരിപൂർണ്ണമായി പിൻതുണയ്ക്കാൻ തയ്യാറാണ്. അത് പൊതുവായി അംഗീകരിച്ചുകൊണ്ട് ഈ നിയമസഭ ഒരു നിയമം പാസ്സാക്കുന്നതിനെക്കുറിച്ച് തീരുമാനിച്ചുകൂടെ?

ശ്രീ. ബെന്നി ബെഹനാൻ: സർ, കോൺഗ്രസ്സിന്റെ നയമാണോ എന്നു ചോദിച്ചാൽ, ഞങ്ങളുടെ പ്രകടനപത്രികയിൽ ഉണ്ട്, ശ്രീമതി സോണിയാ ഗാന്ധി പറഞ്ഞിട്ടുണ്ട്. ഇത്തവണത്തെ പ്രകടനപത്രികയിൽ പറഞ്ഞിരുന്നു, ഞങ്ങൾക്ക് ഇത്തവണ മാൻഡേറ്റ് കിട്ടിയിരുന്നെങ്കിൽ ദേശീയതലത്തിൽ സംവരണം കൊണ്ടുവരുന്നതിനെക്കുറിച്ച് ജനങ്ങളോട് ഉറപ്പ് നൽകിയ പാർട്ടിയാണ് കോൺഗ്രസ്സ്. ശ്രീ. വി.എസ്. സുനിൽ കുമാർ ചോദിച്ചത് കോൺഗ്രസ്സിന് നയപരമായ അനുവാദമുണ്ടോ എന്നാണ്. ഞങ്ങൾക്കതുണ്ട്. അതുകൊണ്ടാണ് പ്രകടനപ്പത്രികയിൽ പറഞ്ഞിരിക്കുന്നത്. ഇവിടെ ബില്ല് കൊണ്ടുവരുന്നത് ആലോചിച്ച് തീരുമാനിക്കണം. ഇതിന്റെ ഉള്ളടക്കത്തോട് യോജിക്കുന്ന അഭിപ്രായമാണ് കോൺഗ്രസ്സ് എന്നും പ്രകടിപ്പിച്ചിട്ടുള്ളത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, മുൻകാലങ്ങളിൽനിന്ന് വ്യത്യസ്തമായി വളരെക്കൂടുതൽ എസ്.സി./എസ്.റ്റി. വിഭാഗത്തിൽപ്പെട്ടവർ ഉന്നത വിദ്യാഭ്യാസമുള്ളവരായി മാറിക്കഴിഞ്ഞു. ഇപ്പോൾ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളെ എടുത്ത് നോക്കിയാൽ ബി.എ., ബി.എസ്.സി., ബികോം, എം.എ., എം.എസ്.സി. എന്നീ ക്ലാസുകളിൽ 29285 പേർ പഠിക്കുന്നുണ്ട്. ഏതാണ്ട് 30,000-ത്തോളം വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. ഇവരൊക്കെ പഠിച്ച് പുറത്തുവന്നാൽ ഇവർക്ക് ജോലി കിട്ടണ്ടേ? സംവരണം ഏർപ്പെടുത്തുന്നില്ലെങ്കിൽ ഈ അഭ്യസ്തവിദ്യരായിട്ടുള്ള എസ്.സി./എസ്.റ്റി. വിഭാഗ

ത്തിൽപ്പെടുന്നവരുടെ തൊഴിലില്ലായ്മ ഈ കേരളം നേരിടാൻ പോകുന്ന ഒരു പ്രധാനപ്പെട്ട പ്രശ്നം ആയിരിക്കും. ഉന്നത ബിരുദമുണ്ട്, തൊഴിൽ കിട്ടുന്നി ല്ലെന്ന സ്ഥിതി വന്നാൽ അസംതൃപ്തരായ ഒരു ജനവിഭാഗം വളർന്നുവരും. ഇതിനെ നമുക്ക് അഡ്രസ് ചെയ്യേണ്ടതായിട്ട് വരും. ഹയർ സെക്കന്ററിയിൽ പ്ലസ് ടു.-വിന് പഠിക്കുന്ന വിദ്യാർത്ഥികളുടെ കണക്കുവന്നപ്പോൾ 37,785 പേർ പരീക്ഷയെഴുതിയതിൽ 22,000 വിദ്യാർത്ഥികൾ പാസ്സായി. അറുപത് ശതമാനം പേർ ഉന്നതവിജയം നേടി. ഏറ്റവും നന്നായി പഠിക്കുന്ന വിദ്യാർത്ഥികൾ എസ്.സി./എസ്.റ്റി. വിഭാഗത്തിൽനിന്ന് വളർന്നുവരുമ്പോൾ അവർക്ക് ആര് തൊഴിൽ കൊടുക്കും? ഈ ടീച്ചേഴ്സ് ആയിട്ടുള്ളവർക്ക് ആര് തൊഴിൽ കൊടുക്കും? ഈ പൊതുമേഖലാസ്ഥാപനങ്ങളിൽ ഇപ്പോൾ നിയമനം നടത്തുന്നില്ല. നിയമനം നടക്കാതെ എങ്ങനെ പട്ടികജാതി വിഭാഗ ത്തിൽപ്പെട്ടവർക്ക് തൊഴിൽ കിട്ടും.

<u>ശ്രീ. പാലോട് രവി</u>: സർ, ഈ പറഞ്ഞത് വളരെ ശരിയാണ്. വ്യാപക മായി നമ്മുടെ രാജ്യത്തും സംസ്ഥാനത്തും കോൺട്രാക്ട് ലേബർ സിസ്റ്റം കടന്ന് വന്നുകൊണ്ടിരിക്കുകയാണ്. ഈ കോൺട്രാക്ട് സിസ്റ്റം കടന്നുവരുന്ന തോടുകൂടി.... നമുക്കറിയാം, അംഗീകൃതമായി ഓരോ സ്ഥാപനങ്ങളിലും നില നിൽക്കുന്ന പോസ്റ്റകളിലേയ്ക്ക് ഈ സംവരണം കുറെയെങ്കിലും ഉണ്ടാകും. അതെല്ലാം അട്ടിമറിച്ചുകൊണ്ട് കോൺട്രാക്ട് സംവിധാനം കടന്നുവരികയാ ണ്. പ്രത്യേകിച്ചും പൊതുമേഖലാസ്ഥാപനങ്ങളിൽ. ഈ കോൺട്രാക്ട് സമ്പ്രദായത്തിൽ കടന്നുവരുന്ന ഒരൊറ്റ ജീവനക്കാരൻപോലും ഈ വിഭാഗ ത്തിപ്പെട്ടവർ വരുന്നില്ല. അതുൾപ്പെടെ നമുക്ക് ഈ കോൺട്രാക്ട് സിസ്റ്റം അപകടകരമായ സ്ഥിതിയിലേയ്ക്ക് നമ്മുടെ രാജ്യത്തും സംസ്ഥാനത്തും

പേയിക്കൊണ്ടിരിക്കുകയാണ്, ഉള്ളതുകൂടി അട്ടിമറിക്കുകയാണ്. ഇത് അങ്ങ യുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ശ്രീ. പാലോട് രവി പറഞ്ഞത് വളരെ പ്രധാനപ്പെട്ടതാണ്. ഇപ്പോൾ ഗവൺമെന്റ് സർവ്വീസിൽ നിയമനങ്ങളി ല്ല, പൊതുമേഖലാ സ്ഥാപനങ്ങളിലും നിയമനങ്ങളില്ല. ഈ നിയമനങ്ങൾ ഉണ്ടെങ്കിൽ മാത്രമെ എസ്.സി./എസ്.റ്റി. വിഭാഗത്തിന് ഭരണഘടനാനുസൃത മായ തൊഴിൽപോലും കിട്ടാൻ പോകുന്നുള്ളൂ. പൊതുമേഖല, സ്വകാര്യ മേഖല എന്നുള്ളത് വ്യത്യാസപ്പെട്ടുനിൽക്കുമ്പോൾ, സ്വകാര്യ മേഖലയിലേ യ്ക്ക് കൊടുക്കണമെന്ന് പറയുമ്പോൾ ഇപ്പോൾ അർഹതപ്പെട്ട സ്ഥലത്തുപോലും കിട്ടുന്നില്ല. ഇപ്പോൾ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ എടുത്തുനോക്കിയാൽ 50% ശതമാനം താൽക്കാലിക ജീവനക്കാരാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ സ്ഥിരം ജീവനക്കാരെ സ്വകാര്യ മേഖല യിൽ എടുക്കുന്നില്ല. നമ്മുടെ സംസ്ഥാനത്ത് എന്താണ് സ്ഥിതി; കെ.ജി.ഒ.എ എന്ന സംഘടന പ്രസിദ്ധീകരിച്ച ഒരു കണക്ക് ഞാൻ നോക്കിയപ്പോൾ, നമ്മുടെ സംസ്ഥാന സർവ്വീസിൽ തന്നെ വിവിധ മേഖലയിൽ രണ്ട് ലക്ഷ ത്തോളം ആളുകൾ ഇപ്പോൾ താൽക്കാലിക ജീവനക്കാരായി പണിയെടുക്കു കയാണ്. ഇതിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർ ആരും ഇല്ലെന്നുള്ളത് ഉറപ്പ ല്ലേ? സർക്കാർ സർവ്വീസിലുള്ള നിയമനങ്ങൾപോലും ഇത്തരത്തിൽ നടത്താതെ വരുമ്പോൾ തൊഴിലവസരങ്ങൾ ഏറ്റവും നഷ്ടപ്പെടുന്നത് പട്ടിക ജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കാണ്. കേന്ദ്ര സർവ്വീസിലാണെങ്കിൽ റെയിൽവേ, ഏറ്റവും കൂടുതൽ തൊഴിലവസരങ്ങൾ ഉള്ള ഒരു മേഖലയാണ്. മൂന്ന് ലക്ഷം ഒഴിവുണ്ട്, ആരെയും നിയമിക്കുന്നില്ല. കേന്ദ്ര പൊതുമേഖലാ

സ്ഥാപനങ്ങളിൽ പത്ത് ലക്ഷത്തോളം ഒഴിവുകളാണുള്ളത്. ഈ പത്ത് ലക്ഷം ഒഴിവുകളിൽ നിയമനം നടത്തിയാൽ ഇതിലെ 10 ശതമാനമെങ്കിലും എസ്.സി./എസ്.റ്റി. വിഭാഗങ്ങൾക്ക് ലഭിക്കാനുള്ളതല്ലേ? കേന്ദ്ര സർവ്വീസാകുമ്പോൾ 25% വരും. 25% പേർക്ക് കിട്ടേണ്ട തൊഴിലവസരങ്ങൾ ഇല്ലാതാകുകയാണ്. ഈ മേഖലയിൽ അഭ്യസ്തവിദ്യരായവരുടെ തൊഴിലില്ലായ്മ വർദ്ധിക്കുന്ന സ്ഥിതി വന്നാൽ നമ്മുടെ കേരളം നേരിടാൻ പോകുന്ന ഏറ്റവും വലിയ ഒരു പ്രശ്നമായിട്ട് ഇത് മാറാൻ പോകുകയാണ്. ഇതിന് ഒരു പരിഹാരം ഇങ്ങനെയുള്ള നിയമങ്ങളല്ലാതെ മറ്റെന്താണ്.

ശ്രീ. വി. എസ്. സുനിൽകുമാർ: സർ, നമ്മുടെ സർവ്വകലാശാലാ കേന്ദ്രങ്ങളിൽ ജോലിചെയ്യുന്ന അദ്ധ്യാപകർ 1428 ആണ്. അതിൽ 687 പേരും കോൺട്രാക്ട് അടിസ്ഥാനത്തിലാണ് ജോലി ചെയ്യുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? നമ്മുടെ ഏറ്റവും പ്രധാനപ്പെട്ട സർവ്വകലാശാലയിൽ ജോലി ചെയ്യുന്നവരുടെ കാര്യമാണ് പറയുന്നത്. അവിടെ സംവരണതത്വങ്ങൾ ഒന്നും ഇല്ല. കോൺട്രാക്ട് അടിസ്ഥാനത്തിൽ ജോലിചെയ്യുന്നവരിൽ ഒരു എസ്.സി/എസ്.ടി.-യുമില്ല. എല്ലാം അവർക്ക് ഇഷ്ടമുള്ള ആൾക്കാരെ വച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, സർവ്വകലാശാലകളിൽ നിയമനമില്ല, എവിടേയും നിയമനമില്ല. ഈ പ്രശ്നം പരിഹരിക്കുവാൻ ബഹുമാനപ്പെട്ട മന്ത്രി ഇന്നിതു പറഞ്ഞെങ്കിലും, മന്ത്രിസഭ ചേർന്നുകൊണ്ട് അടുത്ത നിയമസഭ സമ്മേളനത്തിലെങ്കിലും ഒരു നിയമം കൊണ്ടുവന്ന് ഇത് പാസ്സാക്കണം. നമുക്ക് ഈ കാര്യത്തിൽ ഒരുമിച്ച് നിൽക്കാം. ഒരു അഭിപ്രായവ്യത്യാസവും ഇക്കാര്യത്തിൽ ഇല്ല. പൂർണ്ണ പിൻതുണ ഇക്കാര്യത്തിൽ നൽകാൻ

തയ്യാറാണ്. പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ കാര്യത്തിൽ നമ്മളൊന്നിച്ചു നിൽക്കണം. അതിന് ബഹുമാനപ്പെട്ട ചെയറുതന്നെ മുൻകൈയെടുക്കണം എന്നാണ് എനിക്ക് പറയാനുള്ളത്. ചർച്ച തുടരാം എന്നുപറഞ്ഞുകൊണ്ട് നിറുത്തുന്നു. (ചർച്ച തുടരും)

## (v) 2014-ലെ കേരളാ ധനകാര്യ സ്ഥാപന നിയന്ത്രണ അതോറിറ്റി രൂപീകരണ ബിൽ

മി. സ്പീക്കർ: ശ്രീ. എം.പി. വിൻസെന്റ്, അങ്ങേയ്ക്ക് 2014-ലെ കേരള ധനകാര്യ സ്ഥാപന നിയന്ത്രണ അതോറിറ്റി രൂപീകരണ ബില്ലിന്റെ അവതര ണാനുമതിക്കായുള്ള പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. എം. പി. വിൻസെന്റ്: സർ, 2014-ലെ കേരള ധനകാര്യ സ്ഥാപന നിയന്ത്രണ അതോറിറ്റി രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: സർ, പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി: (ശ്രീ. കെ. എം. മാണി): സർ, അമിതപലിശ വാങ്ങുന്നതിനെതിരെയുള്ള നിയമ നിർമ്മാണം ഈ നിയമസഭതന്നെ ഇതിനുമുൻപ് പാസ്സാക്കിയിട്ടുണ്ട്. ഇപ്പോൾത്തന്നെ നിയമമുണ്ട്. അനധികൃത ധനകാര്യസ്ഥാപനങ്ങൾക്കെതിരെ നടപടിയെടുക്കുവാൻ ഐ.പി.സി. യിൽത്തന്നെ വകുപ്പുണ്ട്, കൂടാതെ പോലീ സിന് നടപടിയെടുക്കാം. ഒരു പുതിയ നിയമനിർമ്മാണത്തിന്റെ ആവശ്യമില്ല.

ശ്രീ. എം. പി. വിൻസെന്റ്: സർ, നമ്മുടെ കേരളത്തിന്റെ ഏറ്റവും ഗുരു തരമായ അവസ്ഥയായി ഇത് മാറിയിട്ടുണ്ട്. ഇന്ന് ഈ നിയമങ്ങളൊക്കെ ഉണ്ട്

എന്നുപറഞ്ഞിട്ടും ഇത് നിയന്ത്രിക്കുവാൻ പറ്റാത്തതിന്റെ കാരണത്താലാണ് കുബേര പദ്ധതി രൂപീകരിക്കപ്പെട്ടത്. നിയമങ്ങളൊക്കെയുണ്ടെങ്കിലും നാട്ടിൽ നടക്കുന്ന കാര്യങ്ങൾ ജനങ്ങൾക്ക് ദുരിതപൂർണ്ണമായ രീതിയിലേയ്ക്ക് പോകുന്നു എന്നുള്ളത് കൊണ്ടാണ് അതിന് ഒരു അതോറിറ്റി രൂപീകരിക്കണ മെന്നുപറഞ്ഞ് ഈ ബില്ല് അവതരിപ്പിച്ചത്. കേരളമിന്ന് കടന്നുപോകുന്നത് ദരിദ്രരും, നിരാലംബരുമായ കുറേ മനുഷ്യർ അനുഭവിക്കുന്ന പ്രശ്നങ്ങളിലൂ ടെയാണ്. അവരുടെ സാമ്പത്തിക ബുദ്ധിമുട്ടുകളും പരാധീനതകളും, മക്ക ളുടെ വിവാഹം, പഠനം തുടങ്ങിയ ആവശ്യങ്ങൾക്കൊക്കെ പൈസ ആവശ്യ മാണ്. ഇവിടെ പുരാതനകാലം മുതൽക്കുതന്നെ കൊടുക്കൽ–വാങ്ങൽ നമ്മുടെ സമൂഹത്തിലുണ്ട്. ബാർട്ടർ സിസ്റ്റം തുടങ്ങി, കാലഘട്ടങ്ങളിലൂടെ കടന്നുവന്ന് പല രീതിയിലുള്ള സഹായങ്ങൾക്കുവേണ്ടി സാമ്പത്തിക മായിട്ടുള്ള ബില്ലുകളും കാര്യങ്ങളും നിലവിലുണ്ടെങ്കിലും ഇന്നത് നില നിർത്തിക്കൊണ്ടുപോകുന്ന കാര്യത്തിൽ വിഘാതം വരുന്നു എന്നുള്ളതാണ് ഏറ്റവും ദുരിതപൂർണ്ണമായിട്ടുള്ളത്. അതിന് നിർബന്ധമായും ഈ ബില്ല് എടുക്കുകയും ചർച്ച ചെയ്യുകയുംവേണം. ഇത് എത്രകണ്ട് നിയന്ത്രിച്ചാലും പലിശക്ക് ഒരു നിയന്ത്രണം ഏർപ്പെടുത്തി പണം കൊടുക്കാനും വാങ്ങാനും ഒരു സംവിധാനമുണ്ടാക്കുകയും അതിനൊരു അതോറിറ്റി ഉണ്ടാക്കി അതിന്റെ കീഴിൽ പ്രവർത്തിച്ച് നാട്ടിൽ ജനങ്ങൾക്കാവശ്യമായ സമയത്ത് സൗകര്യപ്രദ മായി കിട്ടാനുള്ള സൗകര്യംകൂടി ഉണ്ടാക്കണം. കുബേര പോലെയുള്ള നടപ ടികളിലൂടെ കടന്നുവരുമ്പോൾ ജനങ്ങളുടെ ഇടയിൽ അത് വളരെ ഉത്തരവാ ദിത്വ പൂർണ്ണമായ സമീപനം ഉണ്ടായിട്ടുണ്ട് എന്നുള്ളത് ശരിയാണ്. അത്തരം സംഭവങ്ങൾ ഉണ്ടെങ്കിലും നിരാലംബരായ മനുഷ്യന്റെ സാമ്പത്തിക ബുദ്ധി മുട്ടുകൾ ചൂഷണം ചെയ്ത് പലിശ മാഫിയകൾ വളരെയധികം പിടി മുറുക്കി

ക്കൊണ്ടിരിക്കുകയാണ്. അവരിൽനിന്നും ഈടായി ഭൂമിയും, ചെക്കും, പ്രോ-നോട്ടും ഒക്കെ വാങ്ങി അതിന്റെ പേരിൽ അവരുടെ ഭൂമി വിട്ടുപോകുന്ന ഒരു അവസ്ഥയുണ്ട്.

മി. സ്പീക്കർ: ശ്രീ. എം. പി. വിൻസെന്റിന് ചർച്ച തുടരാവുന്നതാണ്. ഇന്ന് പ്രധാനപ്പെട്ട 5 ബില്ലുകളാണ് അവതരണവിഷയമായി വന്നത്. ബഹുമാനപ്പെട്ട മന്ത്രിമാർ സ്വീകരിക്കുമോ ഇല്ലയോ എന്നതല്ല, ഗൗരവതരമായ ചർച്ച ഇതുമായി ബന്ധപ്പെട്ട് നടന്നു. ആ ചർച്ചയിൽ പങ്കെടുത്ത എല്ലാവരേയും ചെയർ അഭിനന്ദിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും ജൂലൈ 14- ാം തീയതി തിങ്കളാഴ്ച രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2014 ജൂലൈ 14- ാം തീയതി തിങ്കളാഴ്ച രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്ക് 12.30-ന് പിരിഞ്ഞു.)